# THE KUDUMBA DEEPAM.





Vol. V.) August 1934. (No. 8.


## വിഷയവിവരം.


1. ദൈവജനനിയുടെ സ്വർഗ്ഗാരോഹണം........................ .... 225.
2. വേലക്കാരുടെ വിശുദ്ധൻ........................................ 226.
3. ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങൾതന്നെ................ .. 232.
4. ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളും.............. .... ........... 239.
5. പലസ്തീനായിലെ കത്തോലിക്കാ സഭ.................................. 241.
6. സ്നേഹാദർശം............................................................ 244.
7. ഈശോ എന്ന തിരുനാമം................................................ 247.
8. പൊതുനിയോഗം.......................................................... 251.
9. വാഴയുടെ ഉപയോഗങ്ങൾ................................ ...... .. ........ 252.
10. മഹാന്മാരുടെ പ്രതിമകൾ..............................................253.
11. കുറിപ്പുകൾ.............................................. ....... 254.


Crush a foe, and he remains a foe, me[illegible]iend.

ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

# ലൂർദ്ദിലെ വിശുദ്ധ.

ഗ്രന്ഥകർത്താ റവ: ഫാദർ സെറാഫിൻ ബനഡിക്റ്റ്.

“ലൂർദ്ദിൽ ബർണ്ണദീത്ത എന്ന ആ ചെറുബാലികക്കു പ. കന്യകമറിയം പതിനെട്ടുപ്രാവശ്യം പ്രത്യക്ഷപ്പെട്ടതും അവളോടു പല പരിശുദ്ധങ്ങളായ വിവരങ്ങളും അരുളിയതും അതുവഴി അവിടെ ബ്രഹ്മാണ്ഡമായ ദേവാലയങ്ങൾ പണിതീർത്തതും അന്നു തുടങ്ങി ഇന്നോളവും അവിടെ നിരവധി അത്ഭുതങ്ങൾ തുടർച്ചയായി നടന്നുവരുന്നതും മറ്റും ചെറുബാലികാബാലന്മാരെ ആകർഷണീയമാക്കിത്തീർക്കുന്ന പ്രസ്തുത ഗ്രന്ഥം ബാലികാബാലന്മാരെ യഥാർത്ഥഭക്തരും പരമാർത്ഥഹൃദയരുമാക്കിത്തീർക്കുന്നതിനു പര്യാപ്തമായ ഒന്നുതന്നെയാണ്. ഏതൽഗ്രന്ഥം കേരളീയ കത്തോലിക്കകുടുംബങ്ങളിൽ ധാരാളം പ്രചരിച്ചുകാണ്മാൻ ഞങ്ങൾ അതിയായി വാഞ്ഛിക്കുന്നു.” പ്രേഷിതൻ.

ഒററപ്രതിക്കു വില അര അണ.
പന്ത്രണ്ടിനു ,, നാലു അണ.

തപാൽക്കൂലി പുറമേ. കുറച്ചുപ്രതികൾ ആവശ്യപ്പെടുന്നവർ സ്റ്റാമ്പു അയച്ചാൽമതി.

മാനേജർ, കുടുംബദീപം.
തേവര, എറണാകുളം.

---

## കുടുംബദീപം.

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്നവരെ മാസികയുടെ പുതിയ വരിക്കാരായി ചേർക്കുന്നതല്ല.

തുടർച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തീർച്ചപ്പെടുത്തുവാൻ സൌകര്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീർഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണ്.

പ്രസിദ്ധീകരണത്തിന്നായി അയക്കുന്നവ വ്യക്തമായി കടലാസിന്റെ ഒരുവശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, “കുടുംബദീപം,” തേവര.

# കുടുംബദീപം.

പുസ്തകം ൩. } ആഗസ്റ്റ് നമ്പർ { ലക്കം ൮.


## ദൈവജനനിയുടെ സ്വർഗ്ഗാരോഹണം.

ദേവമാതാവിന്റെ സ്വർഗ്ഗാരോഹണം, തന്റെ അമലോത്ഭവംപോലെതന്നെ ഒരു വിശ്വാസസത്യമായി തിരുസ്സഭ ഇതുവരെ പ്രഖ്യാപനം ചെയ്തിട്ടില്ലാത്തതിനാൽ അതിനെ നിഷേധിക്കുന്നവൻ ഒരു പാഷണ്ഡിയായി ഗണിക്കപ്പെടുന്നില്ല. എങ്കിലും വിശ്വവിഖ്യാതന്മാരായ ഗ്രന്ഥകാരന്മാരുടെയും, വേദശാസ്ത്രജ്ഞന്മാരുടെയും, തിരുസ്സഭയുടെയും ഉപദേശമനുസരിച്ച് പ. കന്യകയെ സംബന്ധിച്ചുള്ള ഈ തത്വത്തെ സംശയംവിനാ വിശ്വസിക്കാൻ ഓരോ കത്തോലിക്കനും ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് അതിനെ നിഷേധിക്കുന്നതു് ഭക്തിഹീനതയും ദൈവദൂഷണവുമാകുന്നു.

വേദപുസ്തകത്തിലും സഭാചരിത്രത്തിലും നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തേയും സ്വർഗ്ഗാരോഹണത്തേയുംപറ്റി പ്രസ്താവിച്ചിരിക്കുന്നതുപോലെ ദേവമാതാവിന്റെ സ്വർഗ്ഗപ്രാപ്തിയെക്കുറിച്ചു പറഞ്ഞിട്ടില്ലെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ ഈ ഏകകാരണത്താൽ അതു് ഒരു ഭക്തിപരമായ വിശ്വാസമാണെന്നു നമുക്കു അനുമാനിച്ചുകൂടാ. ദൈവത്തിന്റെ അമ്മ എന്ന ആ മഹനീയ സ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയാണു ദേവമാതാവിനെക്കുറിച്ചുള്ള ഈ തത്വം നീ സ്വീകരിക്കുന്നതു്. ശ്ലൈഹിക പാരമ്പര്യവും ആചാരങ്ങളും പിതാക്കന്മാരുടെ പഠനവും ഇതിനെ സ്ഥിരീകരിക്കുകതന്നെ ചെയ്യുന്നു.

പ. കന്യകയുടെ കന്യാത്വവും, അമലോത്ഭവവും, പാപരാഹിത്യവും, ദൈവമാതൃത്വവും മുൻപറഞ്ഞ ദേവമാതാവിന്റെ സ്വർഗ്ഗാരോഹണത്തെ സ്ഥാപിക്കുന്നതിനു മതിയായ കാരണങ്ങ

ളാണ്. നമ്മുടെ ആദിമാതാപിതാക്കന്മാരുടെ പാപംമൂലം നമ്മളും ജന്മനാ പാപികളായിത്തീൎന്നു. ഈ ജന്മപാപത്തിന്റെ ഒരു ശിക്ഷയായിട്ടാണ് നമ്മുടെ ശരീരത്തിന് ശവകുടീരത്തിൽ നാശം സംഭവിക്കുന്നത്. എന്നാൽ പ. ദേവമാതാവ് തന്റെ ഉത്ഭവംമുതൽ മരണംവരെ എല്ലാ പാപങ്ങളിൽനിന്നും വിമുക്തയായിരുന്നു. തന്നിമിത്തം ദേവമാതാവിന്റെ തിരുശ്ശരീരം നാശത്തിന്നു ആധീനമല്ലതന്നേ.

മനുഷ്യസ്വഭാവത്തിനുള്ള അസ്വാസ്ഥ്യങ്ങൾ പാപത്തിന്റെ ഫലമാണെന്നുള്ളതിനുള്ള സംശയമില്ല. ദേവമാതാവും ഇതിന് ആധീനയായിരുന്നു. പ. ദൈവജനനിയുടെ ദത്ത് പുത്രരായ നമ്മുടെ അനുകരണത്തിനും ആശ്വാസത്തിനുമായി ഈ അസ്വാസ്ഥ്യങ്ങൾ ദേവമാതാവിനു ദൈവം അനുവദിക്കയാണുണ്ടായത്.

ശവക്കുഴിയിലെ ശരീരനാശം മാംസേഛയ്ക്കു ശരിയായ ശിക്ഷയായി ദൈവം നിശ്ചയിച്ചിട്ടുള്ളതാകുന്നു.

## വേലക്കാരുടെ വിശുദ്ധൻ.

(തുടൎച്ച.)

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്.)

മാററ്ടാൽബട്ട് ദിവസം മുഴുവനും പ്രാൎത്ഥനയിൽ ചെലവഴിച്ചിരുന്നുവെന്നു അതിശയോക്തിസ്പൎശംകൂടാതെ പറയാവുന്നതാണ്. അദ്ദേഹത്തിന്റെ ദിനചൎയ്യയിൽനിന്നുതന്നെ അദ്ദേഹം എത്ര ഉന്നതി പ്രാപിച്ചിരുന്നുവെന്നു സ്പഷ്ടദൃഷ്ടമാകുന്നു. രാത്രി, പത്തരമണിക്കു അദ്ദേഹം, സ്വഹസ്തനിൎമ്മിതമായ കട്ടിലിൽ വിശ്രമത്തിനായി പോകും. 'കട്ടിലിൽ' എന്നു പറഞ്ഞതുകൊണ്ടു സൎവ്വപ്രകാരേണയും സുഖദായകമായ ഒരു പൎയ്യങ്കസീമനിയായിരുന്നു അതു് എന്നു ആരും ധരിച്ചുപോകരുതു്. അതു

രണ്ടു പരുപരുത്ത പലകകൾ കൂട്ടിച്ചേർത്തു ആണിവച്ചിട്ടുള്ള ഒരു കട്ടിലായിരുന്നു. തലയിണയുടെ സ്ഥാനത്തുള്ളതും ഒരു തടിക്കഷണംതന്നെ. ഈ കട്ടിലിന്മേലാണു് മാററ് കിടന്നുറങ്ങിയിരുന്നതു്. അയർലണ്ടു് പ്രകൃത്യാ ശൈത്യരാജ്യമാണെങ്കിലും, ശീതബാധയെ തടയുന്നതിനായി ഒരു അരപ്പുതപ്പു മാത്രമേ അദ്ദേഹം ഉപയോഗിച്ചിരുന്നുള്ളു. (അതിശൈത്യമുള്ളപ്പോൾ ഇതുകൂടാതെ ഒരു ചാക്കുതുണിയും ഉണ്ടായിരിക്കും.) അർദ്ധരാത്രി കഴിഞ്ഞുള്ള രണ്ടുമണിക്കു ഒരു നാഴികമണി അദ്ദേഹത്തെ പ്രാർത്ഥനയ്ക്കായി വിളിച്ചുണർത്തും. എഴുന്നേററാൽ, എത്രതന്നെ ക്ഷീണമോ കുളിരോ ഉണ്ടായിരുന്നാൽതന്നെയും, അതൊന്നും കൂട്ടാക്കാതെ ഒന്നര മണിക്കൂറോളം കട്ടിലിൽതന്നെ മുട്ടുകുത്തിനിന്നോ, തറയിൽ നമ്രശിരസ്കനായി സാഷ്ടാംഗംവീണുകൊണ്ടോ പ്രാർത്ഥിക്കും. അനന്തരം ആ പലകയിൽതന്നെ വീണ്ടും കിടന്നു നാലുമണിവരെ വിശ്രമിക്കും. നാലുമണിമുതൽ ഏകദേശം അഞ്ചുമണിവരെ വീണ്ടും പ്രാർത്ഥിക്കും. അഞ്ചുമണിയായാൽ പിന്നെ പള്ളിയിലേയ്ക്കു നടക്കുകയായി. പള്ളിവാതിൽ തുറക്കുന്നതു അഞ്ചരമണിക്കാണു്. അതുവരെ അദ്ദേഹം പള്ളിക്കു പുറത്തുള്ള തറയിൽ (വട്ടക്കല്ലിൽ) മുട്ടുകുത്തി പ്രാർത്ഥിക്കും. ദിവ്യപൂജ കഴിഞ്ഞാൽ, ഉഷഃകാല ഭക്ഷണത്തിനായി സ്വഗൃഹത്തിലേയ്ക്കു മടങ്ങും. കൊക്കൊയും ഉണക്കയപ്പവുമാണു് അദ്ദേഹത്തിന്റെ ഭക്ഷണം. ഇതിനുശേഷം ഏകദേശം ഏഴേമുക്കാലോടുകൂടി അദ്ദേഹം തടികയററിയിറക്കുസ്ഥലത്തുചെന്നു പണിയിൽ പ്രവേശിക്കും.

പണിസ്ഥലത്തേയ്ക്കു പോകുമ്പോഴും വരുമ്പോഴും വഴിയരികെയുള്ള ദേവാലയസന്ദർശനം ഒരിക്കലും മുടക്കിയിരുന്നില്ല. പണിയുള്ളപ്പോൾതന്നെ അല്പം വിശ്രമസമയം ലഭിച്ചാലുടൻ അദ്ദേഹം വല്ല തടിക്കൂട്ടത്തിനിടയ്ക്കോ, മുക്കിലോ മൂലയിലോപോയി പ്രാർത്ഥിക്കുക പതിവാണു്. പണിചെയ്തുകൊണ്ടിരിക്കുമ്പോഴും അദ്ദേഹം പ്രാർത്ഥനയ്ക്കു വിഘാതം വരുത്തിയെന്നു വിചാരിക്കാവതല്ല. എല്ലാ കാര്യങ്ങളിലും അദ്ദേഹം വളരെ സൂക്ഷമുള്ള

വന്നും ഒരു മാതൃകാധ്യാനിയുമായിരുന്നു. ഉച്ചഭക്ഷണത്തിനു ഒരുമണിക്കൂർ ഇളവുണ്ട്. അപ്പോഴും കഴിക്കുന്നതും കൊക്കോയും അപ്പവും തന്നെയാണ്. ആണ്ടുവട്ടത്തിൽ ഒമ്പതു മാസവും അദ്ദേഹം മാംസം വർജ്ജിച്ചിരുന്നു. വൈകുന്നേരം പണിസ്ഥലത്തുനിന്നു തിരിയെ വീട്ടിൽ ചെല്ലുമ്പോഴും അദ്ദേഹം മേല്പറഞ്ഞ കൊക്കോയും അപ്പവും ഭക്ഷിക്കും. അത്താഴം കഴിഞ്ഞാൽ ഒരു ഭക്തസഖ്യ സമ്മേളനത്തിൽ സംബന്ധിക്കും. (അദ്ദേഹം ആറു ഭക്തസഖ്യത്തിലെ അംഗമായിരുന്നു.) ഈ യോഗം കഴിഞ്ഞു മടങ്ങിച്ചെന്നാൽ പിന്നെയുള്ള സായംകാലസമയം ജ്ഞാനവായനയ്ക്കും ധ്യാനത്തിനുമായിട്ടാണു വിനിയോഗിക്കുക. ഈ ദിനചര്യ മാററ് തന്റെ ജീവിതകാലമെല്ലാം പ്രത്യേക നിഷ്ഠയോടെ നിർവ്വഹിച്ചിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ അമ്മ പറയുന്നത്. ജോലിചെയ്തു കിട്ടുന്ന കൂലി അമ്മയുടെ മരണംവരെ അമ്മയെത്തന്നെ ഏല്പിച്ചിരുന്നു. മരണാനന്തരം, മിതമായ ചെലവു കഴിച്ചിട്ടു മിച്ചം വരുന്നതിനെ സാധുക്കൾക്കു വിതരണം ചെയ്തിരുന്നു.

ഞായറാഴ്ചകളിലും, 'കടമുള്ള' മററു ദിവസങ്ങളിലും ദിവ്യ വിശ്രമഭഞ്ജകമായി മാററ് യാതൊന്നും ചെയ്തിരുന്നില്ല. ഞായറാഴ്ച അദ്ദേഹത്തിനു വിശേഷവിധിയായ ഒരു പ്രാർത്ഥനാദിനമായിരുന്നു. അന്നു പള്ളിയിൽ നടക്കുന്ന എല്ലാ ദിവ്യപൂജകളിലും ഒന്നിനു പുറകെ ഒന്നായി അദ്ദേഹം സംബന്ധിക്കും. അവസാനം നടത്തപ്പെടുന്ന പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദത്തിലും പങ്കുകൊള്ളും. (ഇതു് ഉച്ചകഴിഞ്ഞു ഏകദേശം ഒന്നരമണിക്കാണ്.) ഈ സമയമെല്ലാം അദ്ദേഹം മുട്ടിന്മേൽതന്നെയാണു നില്ക്കുക. ബാക്കിയുള്ള സമയം, ആഴ്ചയിലെ മററു ദിവസങ്ങളിലെ കൈത്തൊഴിലൊഴികെയുള്ള ദിനചര്യകൾക്കായി വിനിയോഗിച്ചിരുന്നു.

ഈ ഉഗ്രമായ ഇന്ദ്രിയനിഗ്രഹവും സുദീർഘ പ്രാർത്ഥനകളും എത്രമാത്രം വിലയുള്ളതായിരുന്നുവെന്നു ദൈവത്തിനുതന്നെ അറിയാം. മററുള്ളവരുടെ ദൃഷ്ടിയിൽ അവ മഹാ രഹസ്യങ്ങൾത

ന്നെയായിരുന്നു. യഥാർത്ഥമായ പുണ്യം 'അഹ'ത്തെ ജയിക്കയും സ്വാർത്ഥത്തെ വേർതിരിക്കയും ചെയ്യുന്നതിലാണല്ലോ അടങ്ങിയിരിക്കുന്നതു്. മാററിൻെറ പ്രവൃത്ത്യുദ്ദേശ്യവും ഇതുതന്നെയായിരുന്നു. തൻെറയും മററുള്ളവരുടെയും പാപപരിഹാരമായിട്ടു തൻെറ പീഡകളെല്ലാം ഈശോയ്ക്കു കാഴ്ചവയ്ക്കണമെന്നുള്ള ഉദ്ദേശ്യവും മാററിൽ രൂഢമൂലമായിരുന്നു. അദ്ദേഹത്തിൻെറ ആധ്യാത്മികഭാഗം സംബന്ധിച്ചു ഇതിലധികമൊന്നും പറയുവാൻ ഞാൻ കാണുന്നില്ല. എങ്കിലും അദ്ദേഹത്തിൻെറ ബാഹ്യപ്രവൃത്തികളിൽനിന്നു പലതും അനുമാനിക്കാവുന്നതുമാണു്. എന്തെങ്കിലും സാരമായ ജ്ഞാനവായന ദിവസംപ്രതി നടത്തണം എന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭിവാഞ്ഛ അന്യാദൃശമാണു്. ഫാദർ ഫേബർ, കർദ്ദിനാൾ ന്യൂമാൻ, വി. ഫ്രാൻസിസ് ദെ സാലെസ്, വി. അൽഫോൺസ് ലിഗോരി എന്നിവരുടെ കൃതിതല്ലജങ്ങളായിരുന്നു അദ്ദേഹം തിരിഞ്ഞെടുത്തു വായിച്ചിരുന്നതു. എന്തുകൊണ്ടെന്നാൽ ദൈവപ്രമാണങ്ങളെക്കുറിച്ചു മനസ്സറിവാലെയുള്ള അജ്ഞത ഒരിക്കലും ഒഴികഴിവിനുള്ള കാരണമാകയില്ലെന്നു അദ്ദേഹം വേണ്ടപോലെ ഗ്രഹിച്ചിരുന്നു. അദ്ദേഹം ധാരാളം വായിക്കും; അപ്പോഴെല്ലാം താൻ വായിക്കുന്നതിൻെറ സാരാംശമെന്തെന്നു ഗ്രഹിക്കുവാനുള്ള പ്രകാശത്തിനായി ദൈവത്തെ പ്രാർത്ഥിക്കുകയും ചെയ്യും. അദ്ദേഹം പലതവണ വായിച്ചു ധ്യാനിച്ച പുസ്തകങ്ങളിൽനിന്നു പല ഭാഗങ്ങളും പകർത്തിവച്ചിട്ടുള്ള അൻപതോളം കടലാസുകൾ ഇന്നും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

മൗനം എന്നതു് മാററ് വിശേഷവിധിയായി അഭ്യസിച്ചുവന്ന സ്വഭാവഗുണങ്ങളിലൊന്നാണു്. അദ്ദേഹം തന്നെക്കുറിച്ചു തന്നെ വളരെ അപൂർവ്വമായിട്ടേ സംസാരിച്ചിട്ടുള്ളു. അതുകൊണ്ടു് അദ്ദേഹത്തെക്കുറിച്ചു അധികമൊന്നും അറിയാനിടയാകാഞ്ഞതു്. അറിഞ്ഞിട്ടുള്ളിടത്തോളം, അദ്ദേഹത്തിനു ഒരു പ്രത്യേക ആധ്യാത്മിക നേതാവില്ലായിരുന്നു. അവിടെയുള്ള വൈദികർക്കു മിക്കവർക്കും അദ്ദേഹം അജ്ഞാതനാണു്. മാററ് ടാൽബ

ട്ട് എന്ന നിലയിലല്ല, ഒരു കത്തോലിക്കനെന്ന നിലയിലാണ അദ്ദേഹം ക്രൂദാശകൾ സ്വീകരിച്ചിരുന്നതെന്നു കാണികൾക്കു തോന്നിയിരുന്നു. അദ്ദേഹത്തിന്റെ എളിമയുടെ ആഴം നിമിത്തം സ്വസഹോദരികളും മാതാവുമൊഴികെ മററാരും തന്റെ ജീവിതരീതി അറിയുന്നതിനു സമ്മതിച്ചിരുന്നില്ല. മരിക്കുന്നതിന്റെ ഏതാൻ ദിവസങ്ങൾക്കു മുമ്പായിട്ട ആസ്പത്രിയിലെ കന്യാസ്ത്രീകളുടെ സംരക്ഷണയിൽ ഇരുന്നിട്ടുള്ളു. ആ സമയത്തും അദ്ദേഹം അവരോട പ്രത്യേകാനുകൂല്യങ്ങളൊന്നും ആവശ്യപ്പെട്ടിട്ടില്ല. ദിവ്യകാരുണ്യം ദിനംപ്രതി ഉൾക്കൊള്ളുന്നതിനു അതിയായ ആഗ്രഹമുണ്ടെങ്കിൽതന്നെയും മററുള്ള രോഗികൾ കൈക്കൊണ്ടിരുന്നപ്പോൾ മാത്രമെ മാററും കൈക്കൊണ്ടിരുന്നുള്ളു. മെഡിക്കൽ പരിശോധന ആവശ്യമായിവന്നാൽ അതിനുമുമ്പായിട്ടുതന്നെ അദ്ദേഹം മുള്ളരഞ്ഞാണങ്ങൾ അഴിച്ചുമാററും. മററുള്ളവർ തന്റെ പ്രവൃത്തികൾകണ്ടു പ്രശംസിക്കണമെന്നുള്ള ആഗ്രഹമേ അദ്ദേഹത്തിനില്ലായിരുന്നു. എല്ലാവരും അദ്ദേഹത്തെക്കുറിച്ചു "ആ നല്ല കിഴവൻ" എന്നായിരുന്നു പറഞ്ഞിരുന്നത്. അതിവിനീതനായിരുന്നുവെങ്കിലും ഒരിക്കൽ വി. മരിയ മഗ്ദലേനയേക്കുറിച്ചും, ഈജിപ്തിലെ വി. മരിയയേക്കുറിച്ചും സംസാരിച്ചപ്പോൾ തന്റെ പ്രാർത്ഥനാപരമായ ജീവിതത്തെക്കുറിച്ചു മററുള്ളവരും അറിയാനിടയായിപ്പോയിട്ടുണ്ട്. നോക്കണം! മാററു ടാൽബട്ടിന്റെ ജീവിതം കേവലം അജ്ഞാതമെങ്കിലും എത്ര പുണ്യപൂർണ്ണമായിരിക്കുന്നു. ഡബ്ളിനിലെന്നു മാത്രമല്ല, ലോകമൊട്ടുക്കു എത്രയോ വേലക്കാരാണുള്ളത്? എങ്കിലും മാററിനെപ്പോലെ യഥാർത്ഥത്തിൽ പുണ്യാലംകൃതരായ വേലക്കാർ എത്രയുണ്ടായിരിക്കും!

ജീവിച്ചിരിക്കയിൽ അജ്ഞാതനായിരുന്നുവെങ്കിലും ഇപ്പോൾ മാററിനെക്കുറിച്ചു കേൾക്കാത്തവരും സ്നേഹപൂർവ്വം സ്മരിക്കാത്തവരുമായി ആരുണ്ട്? അദ്ദേഹം മരിച്ചതിന്റെ പിറെറ കൊല്ലംതന്നെ, അയർലണ്ടിലെ കാത്തലിക് ട്രൂത്ത് സൊസയിററിക്കാർ, അന്നുവരെ അദ്ദേഹത്തെക്കുറിച്ചു അറിയാനിടയായി

ടത്തോളം സംഗതികൾചേൎത്തു ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇപ്പോൾ അതിന്റെ ഒരു ലക്ഷത്തിൽപരം പ്രതികൾ ചെലവായിട്ടുണ്ടു്. താമസിയാതെ അതു ഫ്രഞ്ച്, സ്പാനിഷ്, ജൎമ്മൻ, പോളിഷ്, ചൈനീസ് തുടങ്ങിയ ഭാഷകളിലേയ്ക്കു വിവൎത്തനം ചെയ്യപ്പെട്ടു. അതുകൊണ്ടും ജനങ്ങൾ തൃപ്തിപ്പെട്ടില്ല. വീണ്ടും അവർ കൂടുതൽ വിവരങ്ങൾക്കായി ആവശ്യപ്പെട്ടുതുടങ്ങി. തദനുസാരം പൂൎവ്വലഘുലേഖാകൎത്താവായ സർ ജോസഫ് ഗ്ലിൻതന്നെ ൧൯൨൫-ൽ കൂടുതൽ വിവരങ്ങളടങ്ങിയ മറെറാരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. അതിന്റെ നാലാം പതിപ്പും കഴിഞ്ഞിരിക്കുന്നു.

ചുരുങ്ങിയനാൾകൊണ്ടു ഇത്ര വിഖ്യാതനായിത്തീൎന്നിരിക്കുന്ന റാൽബട്ടിനെ പുണ്യവാനെന്നു നാമകരണം ചെയ്യാനുള്ള തെളിവുകൾ ധാരാളമുണ്ടു്. ജനങ്ങളുടെ നിരന്തരമായ അപേക്ഷമൂലം അവ തിരുസിംഹാസനത്തിൽ സമൎപ്പിക്കുന്നതിനു ഡബ്ളിൻ മെത്രാപ്പോലീത്താ നിബ്ബന്ധിതനായിരിക്കയാണു്. പുണ്യവാനെന്നു പേർ വിളിക്കപ്പെടുന്നപക്ഷം, അദ്ദേഹം ഡബ്ളിനിലെ ആദ്യത്തെ അൽമായ വിശുദ്ധനായിരിക്കും: ഇന്നു് അനേകായിരം തീൎത്ഥകന്മാർ ഗ്ലാസ് നെവിൻ ശ്മശാനത്തിൽ അദ്ദേഹത്തിന്റെ ശവകുടീരം സന്ദൎശിക്കുവാൻ ലോകത്തിന്റെ നാനാഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്നു. അവിടെ അദ്ദേഹത്തിന്റെ തലയ്ക്കൽ കരിങ്കല്ലിന്റെ ഒരു കുരിശു കാണാം. സന്ദൎശകന്മാർ ശവകുടീരത്തിൽ സൎവ്വദാ പുഷ്പവൎഷം ചെയ്തുകൊണ്ടേയിരിക്കുന്നു. അദ്ദേഹത്തിന്റെ കാൽക്കൽ ഒരു മരപ്പെട്ടിവച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടു് ജനങ്ങൾ ഓരോ ലേഖനം അതിൽ കൊണ്ടുചെന്നിടുന്നു. ഇവയിൽ പലതും - ആദ്ധ്യാത്മികമായിട്ടുള്ളതും ഭൗമികമായിട്ടുള്ളതും - സാധിച്ചുകിട്ടിപ്പോരുന്നുയെന്നുള്ളതിനു പല വിശ്വസ്ത സാക്ഷ്യങ്ങളുമുണ്ടു്.

മാററ് ടാൽബട്ടു്, അയിരിഷ് കത്തോലിക്കരുടെ പ്രാൎത്ഥനാപരമായ ജീവിതത്തിന്റെ ഒരുദാഹരണമത്രെ. ഇദ്ദേഹം

ലോകമാസകലവുമുള്ള വേലക്കാരുടെ ദൈവദത്തനായ ഒരു ആദർശപുരുഷനുമാകുന്നു. ആകയാൽ വേലക്കാരെല്ലാം ഈ സിദ്ധനെ അനുകരിച്ച് മററു മാററ് ടാൽബട്ടുകളായിത്തീരുവാൻ പരിശ്രമിക്കട്ടെ.

## "ദൈവത്തിൻെറ വഴികൾ നിഗൂഢങ്ങൾതന്നെ."

(ശ്രീമാൻ ആൻറണി കോയിത്തറ ബി, എ.)

"ഇന്ന് ഞായറാഴ്ചയല്ലേ, കൊച്ചാപ്പൂ. അടിമപ്രവൃത്തികൾ മുടക്കപ്പെട്ടിട്ടുള്ള ദിവസമാണെന്നറിഞ്ഞുകൂടേ ?"

"അതിനെന്താണ് ? കുറച്ചു പുല്ലു ചെത്തിയെന്നുകരുതി വലിയ ദോഷമൊന്നും ആവൂല്ല."

"അങ്ങനെ പറയരുത്. നീ വേദോപദേശം പഠിച്ചിട്ടില്ലേ ? കഴിഞ്ഞതവണ വികാരിയച്ചൻ പറഞ്ഞതെന്താണ് ? ആദായത്തെ ഉദ്ദേശിച്ചുള്ള പ്രവൃത്തികളൊന്നും കടമുള്ള ദിവസങ്ങളിൽ എടുത്തുകൂടാ. ഈ പുല്ലുവിററ് കാശു മേടിക്കാനാണല്ലോ നിൻെറ ഉദ്ദേശം. ആകയാൽ ഈ പ്രവൃത്തി ദോഷമാണ്.

"ആട്ടെ, എൻെറ ഉപദേശീ, ഒന്നു നിത്തു. പ്രസംഗം പറയണമെങ്കിൽ പട്ടം കിട്ടിയിട്ടാകട്ടെ. എൻെറ കാര്യം നോക്കാൻ എനിക്കറിയാം. ഇങ്ങേര് പഠിപ്പിച്ചുതരണ്ട."

അസ്തമനസൂര്യൻെറ കിരണകന്ദളങ്ങൾ എറണാകുളം കായൽവക്കിന് തങ്കച്ഛായമിടുന്ന ജൂൺമാസത്തിലെ ഒരു സായാഹ്നവേളയിലാണ്, കായൽവക്കത്ത് നിബിഡമായി പടന്നുപിടിച്ചിരിക്കുന്ന കറുകപ്പുല്ലുകളുടെ ഇടയിൽനിന്ന് മേലുദ്ധരിച്ച സംഭാഷണകല്യ പ്രവഹിച്ചത്. കൊച്ചാപ്പുവും പത്രോസുകുട്ടിയും സമവയസ്കരായ രണ്ടു അനാഥബാലന്മാരാണ്. മാതാപി

താക്കളുടെ അകാലനിൎയ്യാണം, ചെറുപ്പത്തിൽതന്നെ കാലക്ഷേപോപായങ്ങളെ തേടുന്നതിന്, അവരെ നിബ്ബന്ധിതരാക്കി. പുല്ലുചെത്തി ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നതായിരുന്നു അവരുടെ നിത്യവൃത്തിക്കുള്ള ഒരു പ്രധാന മാൎഗ്ഗം.

കുട്ടികൾ രണ്ടുപേരുടേയും സ്വഭാവം തുലോം വ്യത്യസ്ഥമായിരുന്നു. ധനസമ്പാദനമാണ് കൊച്ചാപ്പുവിൻെറ ശ്രദ്ധയേയും സമയത്തേയും മുഴുവനായി ആകൎഷിച്ചത്. ഞായറാഴ്ച ദിവസങ്ങളിൽ കുൎബ്ബാന കാണുന്നതിനും അനുദിന ജപങ്ങൾ ചൊല്ലുന്നതിനും അയാൾക്ക് സമയം കിട്ടിയിരുന്നില്ല. പക്ഷെ, പത്രോസുകുട്ടിയുടെ "മട്ട്" ഇതല്ലായിരുന്നു. ഒരു ദിവസമെങ്കിലും ദിവ്യപൂജ കാണുന്നതിനും നമസ്കാരങ്ങൾ എത്തിക്കുന്നതിനും അയാൾ മുടക്കു വരുത്തിയിരുന്നില്ല. വേദോപദേശ പഠനത്തിൽ അദ്വിതീയനായിരുന്ന അയാൾ വികാരിയച്ചൻെറ "കണ്ണിലുണ്ണി" ആയിരുന്നു. വൈദികാന്തസ്സിൽ പ്രവേശിക്കണമെന്ന ആഗ്രഹം ചെറുപ്പത്തിലെതന്നെ അയാളുടെ അന്തരംഗത്തിൽ വേരൂന്നി. വിവിധ ഘട്ടങ്ങളിൽ സ്വസ്നേഹിതന്മാരോട് പ്രസ്തുത ആഗ്രഹത്തെ അയാൾ പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ, പുല്ലുചെത്തിനടക്കുന്ന അനാഥച്ചെറുക്കൻ പട്ടക്കാരനാകുവാൻ ഭാവിക്കുന്നു എന്നുള്ള വാൎത്ത ശ്രോതാക്കളിൽ അനല്പമായ പുച്ഛരസത്തെയാണ് ഉല്പാദിപ്പിച്ചത്. "ശെമ്മാശാ, സിമ്മനാര! തുറക്കാറായില്ലേ? പുത്തൻകുൎബ്ബാന ഇക്കൊല്ലമാണോ?" — ഇത്യാദി പരിഹാസവചനങ്ങൾ പത്രോസുകുട്ടിക്ക് സ്വപരിചയക്കാരിൽനിന്നു പലപ്പോഴും ലബ്ദ്ധമായി. എങ്കിലും ആ ക്രൈസ്തവ ബാലൻ നിരാശക്ക് വശംഗതനായില്ല. മീൻപിടുത്തക്കാരനായ പത്രോസിനെ മാൎപ്പാപ്പാ പദത്തിലേക്കുയൎത്തിയ ജഗദീശ്വരന് അസാദ്ധ്യമായി യാതൊന്നുമില്ലെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി അയാൾ സ്വാഭിലാഷത്തെ, സ്നേഹപാശബന്ധിതനായി സക്രാരിയിൽ ആരൂഢനായിരിക്കുന്ന മിശിഹായുടെ സന്നിധിയിൽ ദിവസേന ഉണൎത്തിക്ക പതിവായിരുന്നു.

സ്വസുഹൃത്തിൻെറ ഉപദേശവും സാന്നിദ്ധ്യവും ഒരുപോ

ലെ അവഗണിച്ചുകൊണ്ടു, കൊച്ചാപ്പു പുല്ലുവെട്ടിത്തുടങ്ങി. ആ പുല്ല് പണമായി രൂപാന്തരപ്പെടുമ്പോൾ തന്റെ "കാശുകുടുക്ക"യുടെ ഘനം പൂർവ്വാധികം വർദ്ധിക്കുമല്ലൊ എന്നോർത്തു ആ ധനലോലുപൻ സന്തോഷിച്ചു. പക്ഷെ പത്രോസുകുട്ടിക്ക് അതത്ര പിടിച്ചില്ല. സ്നേഹിതനെക്കൊണ്ട് പുല്ലറുപ്പിക്കരുതെന്നു തന്നെ അയാൾ തീർച്ചപ്പെടുത്തി. ദീർഘമായ പര്യാലോചനക്കൊന്നും ഇടകൊടുക്കാതെ, അയാൾ കൊച്ചാപ്പുവിന്റെ കയ്യിലിരുന്ന അരുവാളിന്മേൽ കടന്നുപിടിച്ചു. കൊച്ചാപ്പുവിനു അതൊട്ടും രസിച്ചില്ല കോപം സാമാന്യത്തിലധികം വന്നു. ഫലമെന്തായിരിക്കുമെന്നു ചിന്തിക്കാതെ, അയാൾ അരുവാൾ പെട്ടെന്നു പുറകോട്ടു വലിച്ചു പത്രോസുകുട്ടിയുടെ കയ്യിൽനിന്ന് അരുവാൾ സ്വതന്ത്രമായി. ഉത്തരക്ഷണത്തിൽ കൊച്ചാപ്പു അരുവാൾ താഴെ ഇട്ടു. അയാളുടെ പെട്ടെന്നുള്ള വലിയുടെ ഫലമായി പത്രോസുകുട്ടിയുടെ ഇടത്തെക്കയ്യിന്റെ ചെറുവിരൽ അററു പോയിരുന്നു.

ഏതാനും ദിവസത്തെ ആശുപത്രി ചികിത്സയാൽ പത്രോസുകുട്ടിയുടെ മുറിവ് പൊറുത്തു. പക്ഷെ ജീവപര്യന്തം ആ അനിഷ്ടസംഭവത്തിന്റെ സ്മരണയെ നിലനിർത്തുന്നതിന് അയാളുടെ ഇടത്തെക്കയ്യിലെ ചെറുവിരലിന്റെ അഭാവം പ്രാപ്തമായി. കൊച്ചാപ്പുവിന്റെ സങ്കടത്തിന്നതിരുണ്ടായിരുന്നില്ല. താൻമൂലം സ്വമിത്രത്തിന് ഭവിച്ച ആപത്തിൽ അയാൾ നിർവ്യാജം വ്യസനിച്ചു. പക്ഷെ പത്രോസുകുട്ടിക്ക് വലിയ വിഷാദമൊന്നും ഉണ്ടായില്ല. സ്വനാഥനായ മിശിഹായുടെ സ്നേഹത്തെപ്രതി ചെറുവിരലെന്നല്ല, വേണ്ടിവന്നാൽ പ്രാണൻകൂടി കളയുന്നതിന് ആ ധീരബാലൻ സന്നദ്ധനായിരുന്നു.

* * * *

സംവത്സരങ്ങൾ ശീഘ്രഗതിയിൽ ധാവനം ചെയ്തു. കൊച്ചാപ്പുവിന്റെ ക്രമാതീതമായ ലുബ്ധും അത്യദ്ധ്വാനവും സംയോജിച്ചപ്പോൾ അയാളുടെ പണപ്പെട്ടി നിറഞ്ഞുതുടങ്ങി. കാലതാമസമെന്യെ, അയാൾ കൊപ്പ്രാക്കച്ചവടത്തിൽ ഏർപ്പെട്ടു

ലാഭത്തുക വർദ്ധമാനമായിത്തന്നെയിരുന്നു. സാവധാനത്തിൽ അയാൾ ഒരു ബാങ്ക് തുടങ്ങി. സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരുടെ നിയമനവും ശ്രദ്ധാപൂർവ്വമായ പ്രവർത്തനവും ബാങ്കിന് ഉത്തരോത്തരം അഭിവൃദ്ധിയെ പ്രദാനം ചെയ്തു. പൊതുജനങ്ങൾക്ക ബാങ്കിൽ വിശ്വാസവും തൽപ്രവർത്തകനിൽ മതിപ്പും വർദ്ധിച്ചു. എറണാകുളത്തെ കുബേരന്മാരിൽ കൊച്ചാപ്പു പ്രഥമഗണനീയനായി. ഇങ്ങനെയെല്ലാമായിട്ടും അയാൾ യഥാർത്ഥസന്തോഷം അനുഭവിച്ചിരുന്നില്ല. മനസ്സിൽ സദാ ഒരു അസ്വസ്ഥതയാണ് സ്ഥിതിചെയ്തിരുന്നതു്. സാധു! ഹൃദയപൂർവ്വമുള്ള ദൈവസ്നേഹത്തിൽനിന്നുമാത്രം ഉൽഭൂതമാകുന്ന ആത്മികസമാധാനം അയാൾ ഉറുപ്പിക – അണ – പൈ – എന്നിവയിൽ അന്വേഷിച്ചു; പക്ഷെ കണ്ടെത്തിയില്ല.

ഇക്കാലമത്രയും പത്രോസുകുട്ടി എവിടെ ആയിരുന്നു ? യാതൊരുത്തക്കും അറിവുണ്ടായിരുന്നില്ല. എറണാകുളം കായൽ വക്കത്തുവെച്ചു കൈമറിഞ്ഞിട്ട് ഒന്നരക്കൊല്ലത്തിനകം അയാളുടെ ഇടവകയിലെ വികാരിയച്ചന് വിദൂരസ്ഥമായ ഒരു പള്ളിയിലേക്ക് സ്ഥലംമാററമായി. അച്ചൻെറ വിയോഗവാർത്ത പത്രോസുകുട്ടിയെ വല്ലാതെ ക്ലേശിപ്പിച്ചു. ഐഹികബന്ധുക്കൾ ആരുംതന്നെ ഇല്ലാതിരുന്ന ആ ബാലന് വികാരിയച്ചൻ ഗുരുവും മിത്രവുമായിരുന്നു. ഈ ഘട്ടത്തിലാണ് ദയാശാലിയായ ആ പട്ടക്കാരൻ തൻെറകൂടെ പോരുന്നതിന് പത്രോസുകുട്ടിയെ ക്ഷണിച്ചതു്. ബന്ധുവർഗ്ഗങ്ങളിൽ ആരുടേയും സാന്നിദ്ധ്യത്താൽ അലംകൃതമല്ലാതിരുന്ന എറണാകുളം വിടുന്നതിനു അയാൾക്കു ലവലേശം വൈമനസ്യമില്ലായിരുന്നു. തന്മൂലം പത്രോസുകുട്ടി വികാരിയച്ചനൊന്നിച്ചു പുറപ്പെട്ടു. അയാളുടെ അനന്തരവിശേഷങ്ങളെ എറണാകുളത്തു് ആരുംതന്നെ അന്വേഷിച്ചില്ല. വയറുപിഴപ്പിനു വഴിയില്ലാതെ അലഞ്ഞുതിരിഞ്ഞു വശംകെട്ടോടിപ്പോയ ഒരു ദരിദ്രബാലൻെറ വർത്തമാനങ്ങൾ അറിയുവാൻ കൌതുകമുള്ളവരായി, സമ്പത്തിൻേറയും പരിഷ്കാരത്തിൻേറയും കേളീരംഗമായ എറണാകുളം പട്ടണത്തിൽ, ആരാണുണ്ടാവുക ?

ശൈശവസുഹൃത്തായ കൊച്ചാപ്പുപോലും പത്രോസുകുട്ടിയെ വിസ്മരിച്ചുകളഞ്ഞു.

കൊച്ചാപ്പുവിൻെറ ബാങ്ക് ൧൯൨൮-വരെ അപ്രതിഹതമായി അഭിവൃദ്ധിപ്പെട്ടുതന്നെയിരുന്നു. അക്കൊല്ലം സാഹചര്യങ്ങൾ അല്പാല്പമായി പ്രതികൂലപ്പെട്ടുതുടങ്ങി. ലോകമാസകലം ഗ്രസിച്ചുതുടങ്ങിയ ദാരിദ്ര്യസത്വം കേരളത്തിലും എത്തി. ഉൽപന്നങ്ങളുടെ വില ഇടിഞ്ഞു. വാണിജ്യ വ്യവസായങ്ങൾ ശിഥിലീഭവിച്ചു. കൃഷകന്മാരുടെ സ്ഥിതി ശോചനീയമായി. ബാങ്കുകളിൽ പണം പിരിഞ്ഞു കിട്ടാതേയുമായി. താദൃശ വൈഷമ്യങ്ങൾ കൊച്ചാപ്പുവിൻെറ ബാങ്കിനേയും ബാധിച്ചു. എന്നാലും ധാരാളം മൂലധനമുണ്ടായിരുന്ന ആ ബാങ്കിൽ ആക്കുംതന്നെ അവിശ്വാസം തോന്നിയില്ല. ബാങ്കിൽ ജോലി മുറയ്ക്കു നടന്നുകൊണ്ടേയിരുന്നു. പക്ഷെ പൊതുജനധാരണ വിശകായിപ്പോയി. കൊച്ചാപ്പുവിൻെറ ബാങ്കു പൊളികതന്നെ ചെയ്തു. ധനത്തിൻെറ ഗമനാഗമനങ്ങൾ മനുഷ്യബുദ്ധിക്കു അഗോചരംതന്നെ. ബാങ്കിൻെറ വാതിൽ പൂട്ടപ്പെട്ടു.

കൊച്ചാപ്പുവിൻെറ സങ്കടത്തിന്നതിരില്ലാതായി. ധനത്തിൻെറയല്ലാ, മാനത്തിൻെറ നഷ്ടമാണ് അയാളെ കൂടുതൽ ക്ലേശിപ്പിച്ചതു്. എറണാകുളത്തെ വാസവും പൂർവ്വപരിചയക്കാരുടെ സന്ദർശനവും അയാൾക്കു ദുസ്സഹമായിത്തീൎന്നു. ഈ ഘട്ടത്തിലാണ് ഒരുദിവസം പ്രഭാതവേളയിൽ കൊച്ചാപ്പുവിനെ കാണ്മാനില്ലെന്നുള്ള വാർത്ത എറണാകുളത്തു് പരന്നതു്. അയാൾക്കു എന്തു സംഭവിച്ചു എന്നു ആർക്കും അറിവുണ്ടായിരുന്നില്ല. പല പല ഊഹങ്ങളും ജനതാമദ്ധ്യത്തിൽ പരന്നു. ഒടുവിൽ, കൊച്ചാപ്പു അപമാനക്ലേശം സഹിയാതെ കായലിൽ ചാടി സ്വജീവൻ ത്യജിച്ചു എന്നുള്ള കിംവദന്തി, നാടൊട്ടുക്കു് പ്രബലപ്പെട്ടു.

* * * *

൧൯൩൪ ജൂൺമാസത്തിലെ ഒരു ശനിയാഴ്ച ബാങ്കളൂർ "സെൻറ് മത്തിയാസ് ആശുപത്രി"യിൽ കപ്ലോനായ ഫാദർ പീററർ ന്യൂഹോം സ്വമുറിയിൽ ഇരുന്നു ആശ്വസിക്കുന്നു. കയ്യി

ലിരിക്കുന്ന ഒരു ഇംഗ്ലീഷുപത്രം അദ്ദേഹം സാവധാനത്തിൽ പാരായണം ചെയ്യുന്നുണ്ട്. പെട്ടെന്ന് മുറിയുടെ കവാടപ്രദേശത്തു ഒരു മുട്ടു കേട്ടു. "കടന്നുവരിക", എന്നുള്ള അച്ചൻെറ ക്ഷണം ക്ഷീണഗാത്രനായ ഒരു വൃദ്ധനെ അകത്തേക്കാനയിച്ചു. തലമുടി നരച്ചു തുടങ്ങിയിട്ടില്ലാത്ത അയാളുടെ വദനപ്രദേശത്തു കലശലായ ക്ലേശങ്ങളുടേയും തൽഫലമായ അകാലവാർദ്ധക്യത്തിൻെറയും ലക്ഷ്യങ്ങളാണ് പ്രത്യക്ഷപ്പെടുന്നതു്. "അച്ചാ, എനിക്കു സുഖമില്ല. കയ്യിൽ കാശുമില്ല. ആശുപത്രിയിൽ ധർമ്മമായി എന്നെ ചികിത്സിക്കണമെന്നു അപേക്ഷിപ്പാനാണ് ഞാൻ വന്നതു്", എന്നു അയാൾ ഇംഗ്ലീഷും തമിഴും ഇടകലർത്തി പറഞ്ഞു തുടങ്ങി. ആഗതൻെറ ഭാവവും സ്വരവും ഫാദർ പീററിൻെറ മനസ്സിനെ ഇളക്കി. "താൻ ഒരു കത്തോലിക്കനാണോ ?" എന്ന ചോദ്യത്തിനു് "അതെ" എന്നു മറുപടി കിട്ടി.

ഫാദർ: തൻെറ ഇടവക ഏതാണ് ?

ആഗതൻ: ഞാൻ ഇവിടത്തുകാരനല്ല. എൻെറ രാജ്യം മലബാർ ആണ്.

ഫാദർ: മലബാറൊ ? മലബാറിൽ എവിടെ ?

ആഗതൻ: എറണാകുളം.

ഫാദർ: തൻെറ പേരു് ?

ആഗതൻ: ജോസഫ്. കൊച്ചാപ്പു എന്നാണ് നാട്ടിൽ വിളിക്കാറു്.

ഭൂതകാലദൂരതയിലെ അനുഭവങ്ങളുടെ സ്മരണ ഫാദർ പീററിൻെറ അന്തരംഗത്തിൽ തള്ളിക്കയറി. കയ്യിലിരുന്ന പത്രം നിലംപതിച്ചു. "എന്നെ അറിയില്ലേ ?" എന്നു അദ്ദേഹം ഇടറിയ സ്വരത്തിൽ ചോദ്യം ചെയ്തു. ഉത്തരത്തിനുണ്ടായ താമസം അദ്ദേഹത്തെ അക്ഷമനാക്കി. "ഇതെങ്കിലും അറിയുമോ?" അദ്ദേഹം തൻെറ ഇടത്തെക്കരം ഉയർത്തിക്കാട്ടി. ആ കയ്യിന്മേൽ ചെറുവിരൽ ഉണ്ടായിരുന്നില്ല. അവ്യക്തമായ ചില ശബ്ദശകലങ്ങളെ ബഹിർഗ്ഗമിപ്പിച്ചുകൊണ്ടു് ആഗതൻ ഫാദർ പീററി

ൻെറ വക്ഷപ്രദേശത്തിൽ പതിച്ചു.

*        *        *

സുചരിതനും സൽഗുണസമ്പന്നനുമായ വികാരിയച്ചൻെറ ശുപാർശയുടെ ഫലമായി പത്രോസുകുട്ടിക്ക് "പോണ്ടിച്ചേരി" സിമ്മനാരിയിൽ പ്രവേശനം ലഭിച്ചു. മിഷ്യൻപ്രദേശങ്ങളിൽ പ്രയത്നിക്കുന്നതിനായി വൈദികവിദ്യാൎത്ഥികളെ പരിശീലിപ്പിച്ചിരുന്ന ആ സിമ്മനാരിയിൽ പത്രോസുകുട്ടി പണച്ചിലവ് ഒന്നുംതന്നെ ചെയ്യേണ്ടിയിരുന്നില്ല. കൃത്യനിഷ്ഠയുടേയും സ്ഥിരോത്സാഹത്തിൻേറയും ഫലമായി പരീക്ഷകളിലെല്ലാം അയാൾ സ്തുത്യൎഹമാംവിധം വിജയം നേടി. തക്കകാലത്തിൽ വൈദികപട്ടവും കെട്ടി. അനേകസ്ഥലങ്ങളിൽ ഫലപ്രദമായി വേലചെയ്തശേഷം ആ വൈദികവയ്യൻ "സെൻറ് മത്തായീസ് ആശുപത്രി"യിൽ "കപ്ലോൻ" ആയി നിയമിക്കപ്പെട്ടു.

സ്വദേശവാസം അസഹ്യമായി തോന്നിയതിനാൽ കൊച്ചാപ്പു ഒരു രാത്രി വീടുവിട്ടു വേഷപ്രച്ഛന്നനായി പുറപ്പെട്ടു. പലസ്ഥലങ്ങളിൽ ചുററിത്തിരിഞ്ഞു, അയാൾ ഒടുവിൽ ബാങ്കളൂരെത്തി. കയ്യിലുണ്ടായിരുന്ന പണമെല്ലാം അവസാനിച്ചു. സഹായികളും സ്നേഹിതന്മാരും എന്ന നിലയിൽ ആരുമുണ്ടായില്ല. ദാരിദ്ര്യവും രോഗവും ഏകകാലത്ത് അയാളെ ബാധിച്ചു. രോഗാൎത്തനായ അയാൾ "സെൻറ് മത്തായീസ് ആശുപത്രി"യിൽ എത്തി. ഇപ്രകാരമാണ് ശൈശവമിത്രമായ പത്രോസുകുട്ടിയുമായുള്ള പുനഃസന്ദൎശനം അയാൾക്കുണ്ടായതു്. അതെ, പണ്ട് പുല്ലു ചെത്തി നടന്നിരുന്ന പുത്തൻവീട്ടിൽ പത്രോസുകുട്ടിതന്നെയാണ് ഇപ്പോൾ റവറൻറ് ഫാദർ പീററർ നൃഹോം എന്ന അഭിധാനത്തിൽ അയാൾക്ക് അക്ഷിലക്ഷീഭവിച്ചതു്. ദൈവത്തിൻെറ വഴികൾ നിഗൂഢങ്ങൾ തന്നെ.

"ദൈവം മറിച്ചു നിനച്ചീടിലരക്ഷണത്തിൽ
മൎത്ത്യൻ വെറും പുഴ, മഹാബ്ധിമരുപ്രദേശം."

# ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളും.

റവ. ഫാദർ ഫ്രാൻസീസ് സി. ഡി.

(തുടർച്ച)

ഇനിയും ഈ പ്രമാണം എന്താണ് വിലക്കുന്നതെന്നുകൂടി ചുരുക്കമായി പ്രസ്താവിച്ചുകൊണ്ട് ഉപസംഹരിച്ചേക്കാം. ൧൨൪൭-ാം കാനോനാ പ്രസ്താവിക്കുന്നത് "ദാസ്യവൃത്തികളിൽനിന്നും, കച്ചേരി ജോലികളിൽനിന്നും, ന്യായമായ പതിവ് ഇല്ലാത്ത പക്ഷം, പരസ്യമായിട്ടുള്ള ക്രയവിക്രയങ്ങളിൽനിന്നു ഒഴിഞ്ഞിരിക്കണം" എന്നാണ്.

ദാസ്യവൃത്തികൾ എന്നു പറയുമ്പോൾ ദാസന്മാർക്ക് വേലക്കാർക്കുള്ള ജോലികൾ എന്നും, ശാരീരശക്തികൊണ്ടു നിർവ്വഹിക്കപ്പെടുന്നവയ്ക്ക് ശരീരത്തിൻെറ ആവശ്യാദികൾക്കു ഉപകരിക്കുന്നവയുമായ ജോലികൾ എന്നു അർത്ഥമാക്കണം. അതായത് കൂലിവേലക്കാർ, കച്ചവടക്കാർ, മററു പണിക്കാർ സാധാരണ ഉൾപ്പെടാറുള്ള ജോലികളെയാണ് ഇവിടെ പ്രമാണം വിവക്ഷിക്കുന്നത്. ആയതിനാൽ നിലം ഉഴുക, കിളയ്ക്കുക, വിതക്കുക, കൊയ്യുക, കൃഷിചെയ്യുക, എന്നിങ്ങനെയുള്ള വേലകളും, സിമെൻറുപണി, ഇരുമ്പുപണി, ആശാരിപ്പണി, തയ്യൽപ്പണി, ആദിയായ ജോലികളും മുടക്കപ്പെടുന്നു. അവ സ്വസ്ഥദിവസത്തിനു ചേരുന്നവയുമല്ലല്ലോ. എന്നാൽ യാത്രകഴിക്കുക, പൊതുഗുണത്തിനുവേണ്ടി വണ്ടികൾ നടത്തുക, സാഹിത്യപരമായ വേലകളിൽ ഏർപ്പെടുക, ചിത്രം നിർമ്മിക്കുക, ക്ഷൌരംചെയ്യുക മുതലായവയൊന്നും മുടക്കപ്പെടുന്നില്ലതാനും. അങ്ങിനെതന്നെ ദാസ്യവൃത്തികൾ എന്നു പറയുമ്പോൾ, ലാഭത്തെക്കുറിച്ചോ, ഉല്ലാസത്തിനുവേണ്ടിയോ, സദുദ്ദേശ്യത്തോടുകൂടിയൊ, ദുരുദ്ദേശ്യത്തോടുകൂടിയൊ, ദേഹക്ലമത്തോടുകൂടിയൊ അല്ലാതെയൊ എന്നിങ്ങനെയുള്ള പരിചിന്തനങ്ങൾക്കു പകരം, പ്രവൃത്തിയുടെ സ്വഭാവത്തെയാണ് നിരീക്ഷിക്കേണ്ടത്. ഇത്രയും വിസ്തരിച്ചതിൽനിന്നു, മാനസികവൃത്തികളായ വായന, പഠനം, ആദിയായ കൃത്യങ്ങൾ മുടക്കപ്പെടുന്നില്ലയെന്നു അനുക്തസിദ്ധമാണല്ലോ. ജീവ

സന്ധാരണത്തിനു ആവശ്യമായ കൃത്യങ്ങളും, ദൈവാരാധനക്കു ചെയ്യേണ്ട ജോലികളും ദാസ്യവൃത്തികൾ തന്നെയായിരുന്നാലും അവയിൽ ഏപ്പെടുന്നതു് നിയമവിരുദ്ധമല്ല. ആയതിനാൽ ഭക്ഷണം പാകംചെയ്യുന്ന വേലക്കാക്കും, പള്ളിശുശ്രൂഷയിൽ ഏപ്പെട്ടിരിക്കുന്ന കപ്യാരന്മാക്കും, ഏതൽകൃത്യങ്ങളിൽ ആവശ്യമുള്ള ജോലികൾ ചെയ്യാം.

കച്ചേരിപ്രവൃത്തി എന്നു പറഞ്ഞിരിക്കുന്നതു്, ഔദ്യോഗികമായി ന്യായസ്ഥലത്തു ചെയ്യുന്ന സാക്ഷിവിസ്താരം, ന്യായസ്ഥലാനുയോജ്യമായ സത്യം ചെയ്യൽ, വിധിപ്രസ്താവന, വിധിപ്രാവത്തികമാക്കൽ മുതലായ പ്രവൃത്തികളാണു്. എന്നാൽ വ്യവഹാരസംബന്ധമായ കാര്യങ്ങളിൽ അഭിഭാഷകന്മാരോടാലോചിക്കുന്നതു് ഈ പ്രമാണത്തിനു വിരോധമല്ല.

ക്രയവിക്രയങ്ങളും നിയമവിരുദ്ധമാണു്. എല്ലാവക്കും ദേവാലയത്തിൽ പോകുന്നതിനു സമയവും സൌകയ്യവും ലഭിക്കുന്നതിനുവേണ്ടി കൂടെയാണു് ഈ നിയമം. പ്രകൃതത്തേക്കുറിച്ചു കൂടുതൽ വിവരങ്ങൾ ഓരോരുത്തരും അവരുടെ ആദ്ധ്യാത്മികഗുരുക്കന്മാരോടോ, മററൊ, ചോദിച്ചു മനസ്സിലാക്കട്ടെ.

ശരീരാസ്വാസ്ഥ്യം, വലിയദൂരം, മററു വലിയ ആവശ്യങ്ങൾ മുതലായവ കുർബ്ബാന കാണുന്നതിനുള്ള കടത്തിൽനിന്നും നാം നിർവൃതരാണെന്നും, അപ്രകാരംതന്നെ തക്കകാര്യത്തെക്കുറിച്ചു മുടക്കപ്പെട്ട വേലകൾ കടമുള്ള ദിവസങ്ങളിൽ പാടുണ്ടെന്നും, അങ്ങിനെ ചെയ്യുന്നതു് പാപകരമല്ലെന്നു അറിഞ്ഞിരിക്കണം. എന്നാൽ ഈ വിഷയങ്ങളിൽ ഓരോരുത്തൻ യഥേഷ്ടം ന്യായന്യായ വിചേനചെയ്തു പ്രവത്തിക്കാതെ അവരുടെ ആദ്ധ്യാത്മികഗുരുക്കന്മാരുടെ ആലോചനയോടുകൂടി ചെയ്യേണ്ടതാണെന്നു മാത്രമെ തല്ക്കാലം പറയാനുള്ളു.

വിശ്വാസികൾ സവ്വസാധാരണയായി ഈ പരിശുദ്ധ നിയമത്തെ ലംഘിക്കുന്നുവെന്നുള്ളതു് നമ്മുടെ ആധുനികകാലങ്ങളിലെ ഭയങ്കരതിന്മകളിലൊന്നാണു്. ശോചനീയമായ ഈ അനുസരണമില്ലായ്മക്കു് ദൈവനീതി നിഷ്ഠൂരണം നമ്മെ ശിക്ഷി

ച്ചേക്കും എന്നുള്ള ഭയത്തോടുകൂടി നാം വ്യാപരിക്കണം. ആധുനികകാലങ്ങളിൽ നിയമം ലംഘിക്കുന്നവരെ ദൈവം കല്ലെറിയുന്നതിനു വിധിക്കുന്നില്ലെങ്കിലും, അവരെ അവിടുന്നു നിത്യനരകാഗ്നിക്കു വിധിക്കുമെന്നു ഓൎത്തുകൊള്ളട്ടെ.

# പലസ്തീനയിലെ കത്തോലിക്കാസഭ.

(ശ്രീമാൻ ജെ. ജെക്കബ് ചെമ്മണ്ണൂർ ബി. എ.)

ലോകഗുരുവായ ക്രിസ്തു ജനിച്ചുവളൎന്ന് തൻെറ പ്രസംഗങ്ങളാലും കുരിശുമരണത്താലും ലോകപരിത്രാണകൎമ്മത്തെ സാധിച്ച സ്ഥലമാണ് പലസ്തീന. അദ്ദേഹത്തിൻെറ ജീവിതകാലത്തു അവിടത്തെ നിവാസികളായിരുന്ന യഹൂദന്മാരും മററു മതസ്ഥരും അദ്ദേഹത്തിൻെറ ശത്രുക്കളായിട്ടാണ് പ്രത്യക്ഷപ്പെട്ടതു്. എന്നാൽ കാലക്രമേണ അവരെല്ലാവരും അദ്ദേഹത്തിൻെറ ഉപദേശതത്വങ്ങളെ സ്വീകരിച്ചു് ക്രിസ്തുമതത്തെ അവലംബിച്ചു ആറാം നൂററാണ്ടോടുകൂടി പലസ്തീന ഒരു ക്രിസ്തീയ രാജ്യമായിത്തീൎന്നു. അനേകം ദേവാലയങ്ങളും സന്യാസാശ്രമങ്ങളും അവിടെ ആവിൎഭവിച്ചു. അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും തീൎത്ഥയാത്രക്കാർ മിശിഹായുടെ ജീവിതത്താലും കുരിശുമരണത്താലും പരിപാവനമാക്കപ്പെട്ടിരുന്ന വിശുദ്ധ സ്ഥലങ്ങളെ സന്ദൎശിക്കുവാൻ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു.

എന്നാൽ ഇന്നാകട്ടെ പലസ്തീന വിവിധ മതങ്ങളുടേയും വിവിധ വൎഗ്ഗക്കാരുടേയും ഒരു മത്സരരംഗമാണ്; കുഴപ്പങ്ങളും ലഹളകളും അവിടെ സുലഭമാണ്. ഈ വിവിധ മതാവലംബികളിൽ എണ്ണത്തിലും വണ്ണത്തിലും പ്രാബല്യം കുറഞ്ഞ ഒരു കക്ഷിയാണ് ക്രിസ്ത്യാനികൾ. ഈ ന്യൂനകക്ഷിയുടെ സ്ഥിതിയെ ശരിയായി അറിയുവാൻ, ജനസംഖ്യയുടെ മററു വിഭാഗങ്ങളെപ്പററി

സ്ഥൂലമായ ഒരു ജ്ഞാനമെങ്കിലും നമുക്കാവശ്യമാണ്.

പലസ്തീനയിലെ ജനസംഖ്യയിൽ പകുതിയിലധികവും മുഹമ്മദീയരാണ്. അവരുടെ സംഖ്യ ഏകദേശം ൫൮൦൦൦൦ ആണ്. അവർ സ്വരാജ്യത്തുള്ളവരും സ്വവംശക്കാരുമായ ക്രിസ്ത്യാനികളോടുള്ളതിനേക്കാൾ അധികം "കൂട്ടുകെട്ടുകൾ" സ്വമതാനുയായികളായ തുർക്കികളോടും ഈജിപ്ത്തുകാരോടും അറബികളോടുമാണുള്ളത്. ക്രിസ്തീയ ഗ്രാമങ്ങളിൽ ഒരൊററ മുഹമ്മദീയനേയൊ, മുഹമ്മദീയ ഗ്രാമങ്ങളിൽ ഒരൊററ ക്രിസ്ത്യാനിയേയൊ കാണുകയില്ല. മുഹമ്മദീയരിൽനിന്ന് ക്രിസ്തുമതം സ്വീകരിയ്ക്കുന്നവർ വളരെ ദുർല്ലഭമാണ്. അഥവാ അങ്ങിനെ വല്ലവരുമുണ്ടെങ്കിൽ അവർ, തങ്ങളെ ആരും തിരിച്ചറിയാത്ത ഒരു സ്ഥലത്തു താമസിച്ചുകൊള്ളണം. മുഹമ്മദീയർ മററു മതാവലംബികളെ വളരെ നിന്ദാപൂർവ്വമാണ് വീക്ഷിക്കുന്നതു്. ക്രിസ്ത്യാനികൾ എന്നും, അഗ്നിപർവ്വതത്തിൻെറ പാർശ്വങ്ങളിൽ വസിക്കുന്നവരെപ്പോലെ ഇവരെ ഭയപ്പെട്ടുകൊണ്ടു താമസിക്കുന്നു.

പലസ്തീനയിൽ യഹൂദന്മാർ ജനസംഖ്യയിൽ ഏകദേശം ഒന്നരലക്ഷത്തോളമുണ്ട്. മുഹമ്മദീയരും യഹൂദന്മാരും തമ്മിൽ ലഹള സാധാരണയാണ്. മുഹമ്മദീയർ അറബിഭാഷയും യഹൂദന്മാർ ഹിബ്രുഭാഷയും സംസാരിച്ചുവരുന്നു.

ഇനി നമുക്കു പലസ്തീനയിലെ ക്രിസ്തീയ സഭയെപ്പററി പര്യാലോചിയ്ക്കാം. ആ രാജ്യത്തിലെ പുരാതന നിവാസികളായി അവരെ പരിഗണിയ്ക്കാവുന്നതാണ്. പതിനഞ്ചു നൂററാണ്ടുകളായി അവർ അറബികളുടേയും മററു ഇസ്ലാം മതക്കാരുടേയും മർദ്ദനങ്ങൾ തുടരെത്തുടരെ ഏററുകൊണ്ടിരിയ്ക്കുന്നു. വേദസാക്ഷികിരീടത്തെ ധരിച്ച ഒരു വലിയ ജനതതിയുടെ ശിഥിലാവശേഷങ്ങളായ ഈ സാധു കൃഷീവലന്മാരെ - അപ്പസ്തോലകാലംതുടങ്ങി തങ്ങളുടെ വംശക്കാർക്ക് സിദ്ധിച്ച വിശ്വാസദീപത്തെ ഇതുവരെ കെടാതെ സംരക്ഷിച്ച ആ മഹാത്മാക്കളെ – നാം ഇന്നു കാണുമ്പോൾ "ഒരു ഭയബഹുമാനഭക്തി" നമ്മിൽ താനെ അങ്കുരിക്കുന്നു.

എന്നാൽ ഈ ക്രിസ്ത്യാനികളിൽതന്നെ എല്ലാവരും കത്തോലിക്കരല്ല. അവരിൽ ഒരു വലിയ വിഭാഗം ഗ്രീക്ക് ശീശ്മയിലേയ്ക്കു ചേൻപോയി. എങ്കിലും ഈ ശീശ്മയുടെ രക്ഷാകത്തൃത്വം വഹിച്ചിരുന്ന റഷ്യ, ലോകമഹായുദ്ധത്തിനുശേഷം ഒരു "തകിടം മറിച്ച"ലിൽ ഏർപ്പെട്ടിരിക്കയാൽ ഗ്രീക്കു ശീശ്മ ദൈനംദിനം ക്ഷീണാവസ്ഥയെ പ്രാപിച്ചുവരുന്നു. അവരിൽ പലരും തന്നെ ഇപ്പോഠം തങ്ങളുടെ മാതാവായ കത്തോലിക്കാസഭയെ തന്നെ ആശ്ലേഷിക്കുന്നുണ്ടു്.

പലസ്തീനയിൽ ആകെയുള്ള ൯൦,൦൦൦ ക്രിസ്ത്യാനികളിൽ ൧൯,൦൦൦ മാത്രമെ കത്തോലിക്കരുള്ളു. അതായതു്, അവിടത്തെ ആകെയുള്ള ജനസംഖ്യയിൽ ൧൦ ശതമാനം ക്രിസ്ത്യാനികളും ൩ൽ ശതമാനം കത്തോലിക്കരുമാണ്. കത്തോലിക്കർ ആകെ മുപ്പതിലധികം ഇടവകകളിലായി വിഭജിയ്ക്കപ്പെട്ടിരിക്കുന്നു.

പലസ്തീനയിലെ പ്രധാന നഗരമായ ജറുസലത്തിൽ ഒരു പാത്രിയാക്കീസ് വാഴുന്നുണ്ടു്. പലസ്തീന, ട്രാൻസ് ജോർഡാനിയ, സൈപ്രസ് എന്നീ രാജ്യങ്ങഠം അദ്ദേഹത്തിൻെറ ഭരണസീമകളിൽ പെട്ടതാണ്. ഈ മൂന്നു രാജ്യവിഭാഗങ്ങളിലും കൂടി ആകെ ൪൧൦൦൦ കത്തോലിക്കർ മാത്രമെയുള്ളു. എന്നാൽ മുഹമ്മദീയരാകട്ടെ പതിനൊന്നു ലക്ഷത്തിലധികമുണ്ടു്. ഇപ്പോഠം പലസ്തീനയെ ഭരിയ്ക്കുന്നതു സൎവ്വരാജ്യസമിതിയുടെ കീഴിൽ ഇംഗ്ലീഷുകാരാണ്.

പലസ്തീനയിൽ സ്ത്രീകഠംക്കും പുരുഷന്മാൎക്കും അനേകം ആശ്രമങ്ങഠം സ്ഥാപിതമായിട്ടുണ്ടു്. അവർ അനേകം ധൎമ്മസ്ഥാപനങ്ങളെ നടത്തിക്കൊണ്ടുവരുന്നു. വിശുദ്ധ സ്ഥലങ്ങളുടെ സൂക്ഷിപ്പുകാർ ഫ്രാൻസിസ്കൻ സന്യാസികളാണ്. ഡൊമിനിക്കൻ സന്യാസികഠം ജറുസലത്തിൽ വിശുദ്ധ ഗ്രന്ഥങ്ങളെപ്പററി പഠിയ്ക്കുന്നതിനായുള്ള ഒരു കീൎത്തിപ്പെട്ട വിദ്യാലയവും ഗവേഷണശാലയും നടത്തിവരുന്നുണ്ടു്. വേദപുസ്തകങ്ങളെപ്പററിയുള്ള സകല ശാസ്ത്രങ്ങളും അവിടെ പഠിച്ചുവരുന്നു.

ലോകപരിത്രാതാവായ ക്രിസ്തുവിൻെറ പാദസ്പൎശത്താലും

പ്രസംഗങ്ങളാലും ക്രൂശുമരണത്താലും പരിപാവനമാക്കപ്പെട്ടിരിക്കുന്ന ഈ രാജ്യത്തു ഇത്ര കുറച്ചു കത്തോലിക്കർ മാത്രമെയുള്ളുയെന്നു കാണുന്നതിൽ അനുശോചിക്കതന്നെ ചെയ്യട്ടെ. ക്രിസ്തുനാഥനോടുതന്നെ നമുക്കു ഇവരുടെ മാനസാന്തരത്തിനായി അപേക്ഷിക്കാം.

—

# സ്നേഹാദൎശം.

(റവ. ജോസഫ് എം. ഏറവുമാന്തുക്കാരൻ.)

പുണ്യാത്മാക്കളെല്ലാം സ്നേഹബന്ധത്തിൻെറ ആവശ്യകതയെ ഗ്രഹിക്കണമെന്നോ ഗ്രഹിച്ചിരിക്കണമെന്നോ ഉള്ള പ്രസ്താവന വാസ്തവമായ ഒന്നുതന്നെയാകുന്നു. പോൾ ജാനററ് എന്ന ദേഹം പറയുന്നു: "സ്നേഹത്തിൻെറ ആവശ്യകതയെ ഗ്രഹിച്ചിട്ടില്ലാത്ത യാതൊരാളിനെയും മഹാൻ എന്നു വിളിക്കാമോ എന്നു ബലമായി സംശയിക്കുന്നു." ആകയാൽ ഈ മാതൃകയുടെ ഔന്നത്യമനുസരിച്ചു സ്നേഹബന്ധവും പരിപൂൎണ്ണതയെ പ്രാപിക്കുന്നു. ആധുനികനായ ഒരുകത്തോലിക്കൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു; "സ്നേഹം എത്രയധികം പരിശുദ്ധവും തീവ്രവും ആയിരിക്കുന്നുവോ അത്രകണ്ടു അതു് യഥാൎത്ഥത്തിൽ മാത്രമല്ല പ്രത്യുത സ്നേഹത്തിലും പ്രതാപവാനായ ദൈവത്തിൻെറ സമീപത്തേയ്ക്കു അടുക്കുന്നു." ഈ വിഷയത്തെ സംബന്ധിച്ചു് പരിശുദ്ധന്മാക്കുള്ള അഭിപ്രായം അറിയുന്നതു് കൂടുതൽ രസാവഹമാണ്. അവരെല്ലാവരും അത്യന്തം തീക്ഷ്ണതയോടുകൂടി ജപധ്യാനാദികളുടെ അനുഷ്ഠാനത്തിൽ അതിൻെറ പരമ കാഷ്ഠയെ പ്രാപിക്കത്തക്കവണ്ണം അത്രക്കും സൎവ്വവല്ലഭനായ ദൈവവുമായി ഐക്യപ്പെട്ടിരുന്നു എന്നുള്ളതു തീൎച്ചതന്നെ. അവരുടെ വാക്കുകൾക്കു മറേറതൊരു ഗ്രന്ഥകാരൻെറയും വചനങ്ങൾക്കുണ്ടാകുവാൻ പാടുള്ളതിലധികം ഒരു മതിപ്പുണ്ടു്. അവയെല്ലാം സംഗ്രഹിക്കുന്നു എങ്കിൽ അതുകൊണ്ടു് എല്ലാവരുടെയും വിസ്മയത്തിനു

പര്യാപ്തമായ ഒരു മഹാ ഗ്രന്ഥം രചിക്കുവാൻ സാധിക്കും. അവരിൽ വിളങ്ങിയിരുന്ന പരിശുദ്ധതയുടെ പരിമാണം അനുസരിച്ചു സ്നേഹബന്ധത്തിൽ അവക്കുണ്ടായിരുന്ന അഭിരുചിയും ശ്രദ്ധമൂലമായിക്കൊണ്ടിരുന്നു.

ഈ തിരിഞ്ഞെടുക്കപ്പെട്ടവരെപ്പററി പരിചിന്തനം ചെയ്യുന്നതിനു മുമ്പായി നമുക്കു സുവിശേഷത്തിലേക്കും വിശിഷ്യ, യേശുവിൻെറ സ്നേഹശിഷ്യനെന്ന പരമോൽകൃഷ്ടനാമം സ്വായത്തമാക്കിയിട്ടുള്ള വി. യോഹന്നാനാൽ വിരചിതമായിട്ടുള്ള ഭാഗത്തേക്കും നമ്മുടെ ശ്രദ്ധയെ ആനയിക്കാം. അവിടെ തൻെറ ദൈവികത്വത്തിൻെറ മഹിമയാൽ പ്രശോഭിക്കയും തൻെറ മാനുഷികത്വത്തിലെ അതുല്യമായ സദാചാരനിഷ്ഠ ആർദ്രത ആദിയായവയാൽ ഏവരേയും തന്നിലേക്കാകർഷിക്കയും ചെയ്യുന്ന നമ്മുടെ ദിവ്യരക്ഷിതാവിൻെറ കോമളാകാരത്തെ നാം ദശിക്കുന്നു. കാലാന്തരത്തെ ഉല്ലംഘിച്ചുകൊണ്ട് മാറെറാലി കൊള്ളുന്നതായ അവിടുത്തെ സ്വരം അത്യാസന്നമായ തൻെറ കഷ്ടാനുഭവങ്ങൾക്കു മുമ്പുണ്ടായിരുന്ന ആ നാഴികകളിൽ അകൈതവമായ സ്നേഹത്താൽ പ്രേരിതനായി തൻെറ ശിഷ്യരോടു സംഭാഷിക്കുന്നതായി നാം കേൾക്കുന്നു. "ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചുകഴിഞ്ഞിരിക്കുന്നുവല്ലോ" എന്നരുളിച്ചെയ്കയും തദ്വാരാ തുടൎന്നുകൊണ്ടിരിക്കുന്നതായ ഓരോ തലമുറകളിലും തൻെറ തിരിഞ്ഞെടുക്കപ്പെട്ടവക്ക് ഈ ഭൂമിയെ ഒരു പ്രത്യേക അധിവാസസ്ഥാനമാക്കിത്തീൎത്തിട്ടുള്ള ഈ ബന്ധത്തെ താൻ ഉദ്ദീപ്തമാക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു.

ദിവ്യരക്ഷകൻെറ ചുററും കൂടിയിരിക്കുന്ന അപ്പോസ്തലന്മാർ എല്ലാവരും തൻെറ സ്നേഹിതന്മാരാകുന്നു. എന്നാൽ പരിപൂർണ്ണ മാനുഷികത്വത്തിൻെറയും യഥാൎത്ഥ സ്നേഹത്തിൻെറയും മാതൃകയായ അവിടുന്നു തൻെറ ഈ സ്നേഹശിഷ്യരിൽ ഒരാളെ മററുള്ളവരേക്കാൾ കൂടുതലായി തന്നോടടുത്തു പെരുമാറുന്നതിനു അനുവദിക്കയും എല്ലാ പ്രകാരത്തിലും തൻെറ പ്രിയ ശിഷ്യനോടു് അതെ വി. യോഹന്നാനോട് അതീവ വാത്സല്യം പ്രദശിപ്പി

ക്കയും ചെയ്യുന്നു. അവിടുന്നു എല്ലാവരേയും രക്ഷിക്കാൻ ആഗ്രഹിക്കുന്ന തൻെറ ദൈവികത്വത്തിൻെറ അതിരുകടന്ന ഉപവിയാൽ മാത്രമല്ല പ്രത്യുതാ ഒരു സ്നേഹിതൻെറ അതേ നമ്മുടെ സഹജീവികളിൽ ഒരുവനേക്കാൾ കൂടുതലായി മറ്റൊരുവൻെറ അടുക്കലേക്കു ആനയിക്കപ്പെടുന്ന സ്വാഭാവിക ചാച്ചിലുകളാലും അഭിവാഞ്ചകളാലും ആകൎഷിക്കപ്പെടുന്നതിനു വശംവദനായ ഒരു സ്നേഹിതൻെറ ഹൃദയത്തോടുകൂടി അവിടുന്നു സ്നേഹിക്കുന്നു. അവിടുന്നുതന്നെയാകുന്നു . ശുദ്ധിമാന്മാർ അനുപദം അനുകരിച്ചിട്ടുള്ള മാതൃകയും. എന്തുകൊണ്ടെന്നാൽ അവരുടെ നിൎമ്മല ദേഹികൾ സൂൎയ്യകാന്തി പുഷ്പം സൂൎയ്യൻെറ നേരെ തിരിഞ്ഞു നില്ക്കുന്നതുപോലെ സൎവ്വശക്തനായ ദൈവത്തിലേക്ക് തിരിഞ്ഞുകൊണ്ട് എപ്പോഴും ഒരു പ്രത്യേക മാധുൎയ്യത്തേയും അഗാധമായ എളിമയേയും സൎവ്വോപരിയായ സ്വാൎത്ഥപരിത്യാഗത്തേയും ആഗ്രഹിച്ചുകൊണ്ട് സ്നേഹത്തിനു അതിൻെറ ഏററവും ഉന്നതവും പരിപൂൎണ്ണവുമായ വിധത്തിൽ യോജിച്ചവരായി വൎത്തിച്ചിരുന്നു.

സ്നേഹബന്ധത്തിൽ വിശ്വാസം അത്യന്താപേക്ഷിതമാകുന്നുവെന്നു നമ്മുടെ ദിവ്യരക്ഷകൻ പഠിപ്പിക്കുന്നതിനെ നാം സൎവ്വപ്രധാനമായി സ്മരിക്കണം. അവിടുന്നു പറയുന്നു: “ഞാൻ നിങ്ങളെ ഇനിയും ദാസന്മാർ എന്നു വിളിക്കുകയില്ല. എന്തുകൊണ്ടെന്നാൽ തൻെറ യജമാനൻ എന്തുചെയ്യുന്നു എന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു. എൻെറ പിതാവിൽനിന്നും ഞാൻ കേട്ടിരിക്കുന്നവയെ എല്ലാം നിങ്ങൾക്കു ഞാൻ വെളിപ്പെടുത്തിയിരിക്കുന്നു.” അവിടുന്നു സ്വൎഗ്ഗീയ രഹസ്യങ്ങൾ തൻെറ ശിഷ്യന്മാൎക്കെല്ലാവൎക്കും വെളിപ്പെടുത്തി. എന്നാൽ നിശ്ചയമായിട്ടും കൂടുതൽ വിവരമായും പൂൎണ്ണമായും തന്നോടേററമധികം ഐക്യപ്പെട്ടിരിക്കുന്നവനും തൻെറ സ്നേഹഭാജനവുമായ വി. യോഹന്നാനു വെളിപ്പെടുത്തിയിരിക്കണം.

പരസ്പരവിശ്വാസത്തിൻെറ ഈ പ്രശ്നത്തെക്കുറിച്ചു വി. ബ

ണ്ണാട്ട് പുണ്യവാൻ പറയുന്നതു് അത്യന്തം രസാവഹമാണു്. അദ്ദേഹം പറയുന്നു "നമ്മുടെ ഹൃദയത്തിന്റെ എല്ലാവിചാരങ്ങളും നമ്മുടെ സ്നേഹിതനോടറിയിക്കുകയും അയാളും തന്റെ ഭാഗത്തുനിന്നു് അതേപ്രകാരം നമ്മോടു വർത്തിക്കയും ചെയ്യണം. അയാളുടെ വിവിധ പ്രതീക്ഷകളിലും ആഗ്രഹങ്ങളിലും ഉദ്യമങ്ങളിലും നാം നിഷ്പക്ഷനില അവലംബിക്കയും അരുതു്. എന്തുകൊണ്ടെന്നാൽ ഒരു യഥാർത്ഥസ്നേഹിതനു് രഹസ്യമായി യാതൊന്നുമില്ല. അവൻ നിഷ്കളങ്കമായി സ്നേഹിക്കുന്നുവെങ്കിൽ നമ്മുടെ ദിവ്യരക്ഷകൻ തന്റെ സ്വർഗ്ഗീയ പിതാവിന്റെ രഹസ്യങ്ങളെ തുടർന്നു പ്രസ്താവിച്ചതുപോലെ തന്നെ തന്റെ ഹൃദയത്തിലുള്ളവയെല്ലാം വെളിവായിപ്പറയണം. ഈ വിഷയത്തിൽ നാം അനുകരിക്കേണ്ടതായ മാതൃകയും അവിടുന്നുതന്നെയാണെന്നു് ഈ വിശുദ്ധൻ നമ്മെ ഉൽബോധിപ്പിക്കയുംചെയ്യുന്നു. ഈ നമ്മുടെ ചിന്താവിഷയത്തെക്കുറിച്ചു് ഒരു മഹാത്മാവു് പറയുന്നതു് ഇപ്രകാരമാണു്. "Il est certain que la confiance est le premier e l e ment de l amitie." ഇതിന്റെ ശരിയായ വിവർത്തനം മാതൃഭാഷയിലെഴുതുവാൻ സാമാന്യം പ്രയാസമാണു്. എങ്കിലും താഴെ കൊടുത്തിരിക്കുന്നതു് അതിന്റെ ആശയം വെളിവാക്കും. "സ്നേഹബന്ധത്തിന്റെ പ്രഥമഘടകം വിശ്വാസ (Confidence) മാകുന്നുവെന്നുള്ളതിനു് പക്ഷാന്തരമില്ല."

## 'ഈശോ'യെന്ന തിരുനാമം.

(ബ്ര. പി. കെ. അന്റണി.)

ലോകപരിത്രാതാവായ 'ഈശൊ'യുടെ വിശിഷ്ടനാമധേയം ഇന്നു ലോകത്തിൽ ഒട്ടുവളരെ ആളുകളുടെ വണക്കത്തിനും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടില്ലെന്നു മാത്രമല്ല, ചില ആധുനിക തത്വചിന്തകന്മാരുടെ അവഹേളനത്തിനുപോലും വിഷയീഭവിച്ചാണിരിക്കുന്നതെന്നതു് സുപ്രസിദ്ധമാണല്ലോ.

എന്നിരുന്നാലും വിശുദ്ധ അഗുസ്തീനോസ് മുതലായ പണ്ഡിതശിരോമണികൾക്ക് ഈ തിരുനാമം എത്രമാത്രം സംപൂജ്യമായിരുന്നുവെന്നതും ചരിത്രജ്ഞാനമുള്ള യാതൊരുവനും അജ്ഞാതമല്ലതന്നെ. ഈ പുണ്യാത്മാക്കളുടെ ഉത്തമ ദൃഷ്ടാന്തങ്ങൾക്കനുരൂപമായ ഒന്നുരണ്ടു സംഭവങ്ങളാണ് താഴെ ഉദ്ധരിക്കുവാൻ വിചാരിക്കുന്നതു്:

വേദപാരംഗതനായ വി. അപ്രേമിന് ഒരു പ്രിയ ശിഷ്യനുണ്ടായിരുന്നു. ജൂലിയൻ എന്നായിരുന്നു ആ കുട്ടിയുടെ പേർ. സൽസ്വഭാവിയായിരുന്ന ആ കുട്ടിയെ അദ്ദേഹം സീമാതീതമായി സ്നേഹിച്ചുവെങ്കിലും സ്വല്പകാലശേഷം അദ്ദേഹത്തിനു ജൂലിയനോടു കുറച്ചു നീരസം ഉത്ഭവിക്കാതിരുന്നില്ല; കാരണം, മററു കുട്ടികളെപ്പോലെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിൽ അവൻ ഉത്സുകനായിരുന്നില്ലയെന്നതായിരുന്നു. പുസ്തകത്തിൽ പല സ്ഥലങ്ങളിലും ചില വാക്കുകൾ മാഞ്ഞും കീറിയും പോയിരുന്നു. ഒരു ദിവസം വി. അപ്രേം കുട്ടിയുടെ പുസ്തകമൊന്നു പരിശോധിച്ചു നോക്കി. എന്തു വിസ്മയം! 'ഈശോ' എന്ന വാക്കു എഴുതപ്പെട്ടിരുന്ന സ്ഥലങ്ങളിലൊക്കെയും തത്സമയം ആ നാമം അദൃശ്യമായിരുന്നു. അദ്ദേഹം ഭയാക്രാന്തനായി കുട്ടിയെ വിളിച്ചു "എന്റെ കുഞ്ഞേ, 'ഈശോ' എന്ന തിരുനാമം എന്തുകൊണ്ടാണ് പുസ്തകത്തിൽനിന്നു നീ മാച്ചുകളഞ്ഞതു്?" എന്നു ചോദിച്ചു. കുട്ടിയുടെ നേത്രങ്ങൾ ബാഷ്പകലുഷങ്ങളായി. അവൻ ഏന്തിയേന്തി കരഞ്ഞുകൊണ്ട് ഗൽഗദസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: "പ്രിയ പിതാവേ, എന്റെ രക്ഷകനായ 'ഈശോ'യെ ഞാൻ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നു. 'ഈശോ' എന്ന നാമം കാണുമ്പോഴും കേൾക്കുമ്പോഴുമെല്ലാം, വലിയ പാപിയായിരുന്ന മഗ്ദലേനാമറിയം 'ഈശോ'യുടെ തൃപ്പാദങ്ങൾ ചുംബിച്ചു്, അവളുടെ പാപങ്ങൾ ക്ഷമിക്കണമെന്നു് തന്നോടപേക്ഷിച്ച സംഗതി എന്റെ ഓർമ്മയിൽ വരുന്നു. എന്നാൽ ഈശോയെ കാണുന്നതിനും തന്റെ പാദങ്ങൾ ചുംബിക്കുന്നതിനും എനിക്കു ഇപ്പോൾ സാദ്ധ്യമല്ലല്ലോ. അതിനാൽ എന്റെ പുസ്തകത്തിൽ

'ഈശോ' എന്ന തിരുനാമം എഴുതപ്പെട്ടിരിക്കുന്ന സ്ഥലമെല്ലാം ഞാൻ പല പ്രാവശ്യം മുത്തുകയും, എൻെറ പാപങ്ങൾ പൊറുക്കണമെന്നു തന്നോടപേക്ഷിക്കുകയും, തന്നെ സ്വർഗ്ഗത്തിൽ കാണുന്നതിനിടയാകുന്ന ആ ഭാഗ്യനിമിഷത്തെ ഞാൻ അത്യാശയോടെ പാർത്തിരിക്കുകയും ചെയ്യുന്നു." ഇതുകേട്ട വി. അപ്രേം മന്ദസ്മിതവദനത്തോടെ, 'എൻെറ പ്രിയമകനെ, നിൻെറമേൽ കരുണയുണ്ടായി 'ഈശോ' നിൻെറ ആഗ്രഹങ്ങളെല്ലാം സാധിച്ചു തരട്ടെ. എന്നാൽ ആ ഭാഗ്യസമയം ആസന്നമാകുന്നതുവരെ നിൻെറ പുസ്തകങ്ങൾ നീ നല്ലവണ്ണം സൂക്ഷിക്കണം എന്നു പറഞ്ഞു.

ഇപ്പോൾ പരലോകത്തെ അലങ്കരിക്കുന്ന വിശുദ്ധന്മാരെല്ലാവരും 'ഈശോ' എന്ന തിരുനാമത്തോടു അതീവ സ്നേഹവും ഭക്തിയും പ്രദർശിപ്പിച്ചിരുന്നുവെന്ന് അവരുടെ ചരിത്രം മുഖേന നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. പുരാതനകാലത്തു ജീവിച്ചിരുന്ന അനുഗൃഹീതനായ സൂസ്സായുടെ കഥ ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രെ. ഒരു ദിവസം തൻെറ ഹൃദയത്തിൽ തിങ്ങിവിങ്ങിക്കൊണ്ടിരുന്ന ദൈവസ്നേഹാഗ്നിയുടെ വർദ്ധനവിൽ മതിമറന്ന ഇദ്ദേഹം ഒരായുധമെടുത്തു തൻെറ മാർവ്വിൽ 'ഈശോ' എന്ന സംപൂജ്യനാമത്തെ ചിത്രിച്ചുകൊണ്ടു് ഒരു ക്രൂശിക്കപ്പെട്ട രൂപത്തിൻമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു് താഴെ കാണും പ്രകാരം പ്രാർത്ഥിച്ചു. "ഓ കർത്താവെ! നിന്നോടുകൂടി യോജിക്കുന്നതിനു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നുവെന്നു നീ കണ്ടാലും! നീ എൻെറ ഹൃദയത്തിൽ സദാ വസിക്കണമെ! ഇവിടെ നിൻെറ നാമം ശിലാരേഖപോലെ പതിയട്ടെ."

പ്രിയ കത്തോലിക്ക അദ്ധ്യേതാക്കളെ, കത്തോലിക്ക വിദ്യാർത്ഥി ലോകത്തിൽ സ്വച്ഛന്ദം ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന നമ്മൾ അവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ ഈ ചരിത്രങ്ങളിൽ അന്തർലീനമായി കിടപ്പുണ്ടു്. വി. സൂസ്സോയെ അനുകരിച്ചു് നാം ഓരോരുത്തരും 'ഈശോ' എന്ന നാമം മാർവ്വിൽ കൊത്തിവെക്കണമെന്നോ, അഥവാ വി. ജൂലിയാനെ

പിൻചെന്ന പുസ്തകത്തിലുള്ള 'ഈശോ' എന്ന നാമം കീറിയെടുത്തു സൂക്ഷിക്കണമെന്നോ ദൈവം നമ്മോടാവശ്യപ്പെടുന്നില്ല. എന്നാൽ 'ഈശോ'യെ സർവ്വാത്മനാ സ്നേഹിക്കുന്നതിനും ആ മധുരനാമം നമ്മുടെ ഹൃദയത്തിൽ ഗാഢഗാഢം പതിക്കുന്നതിനും അവിടുന്നാഗ്രഹിക്കുന്നു.

ആയതിനാൽ ചെറുപ്പക്കാരുടെ ആപ്തമിത്രമായ ഉണ്ണി 'ഈശോ'യെ നാം നമ്മുടെ സഹപാഠിയായും മാതൃകയായും സ്വീകരിച്ച് അവിടുത്തെ അനുകരിക്കുകയും, അവിടുത്തോടുകൂടി നമ്മുടെ വിദ്യാർത്ഥിജീവിതം മുഴുവൻ ചെലവഴിക്കയും ചെയ്യാൻ നാം ശ്രമിക്കണം. ഉണ്ണി 'ഈശോ'യ്ക്കുവേണ്ടി എവിടെവെച്ചും മരണംതന്നെ കൈവരിച്ചുകൊണ്ട് എന്തു ചെയ്യേണ്ടിവന്നാലും നാം അതിനു സന്നദ്ധരായിരിക്കണം. അകത്തോലിക്ക വിദ്യാർത്ഥികളുമായുള്ള നമ്മുടെ സംസർഗ്ഗത്തിൽ നേരംപോക്കിനായി ചെലവഴിക്കുന്ന സമയത്തെങ്കിലും വേദപ്രചാര വേലയുടെ പ്രഥമ പടവിയായ 'ഈശോ' എന്ന തിരുനാമത്തോടുള്ള ഒരു മതിപ്പിനെ, അല്ലെങ്കിൽ, ഒരു സ്നേഹത്തെ അവരിൽ വേരൂന്നിക്കാൻ വിദ്യാർത്ഥികളായ നാം ഒരിക്കലും മറക്കരുത്. എന്നാൽ കഷ്ടം! കത്തോലിക്ക അദ്ധ്യേതാക്കളിൽ എത്രയോ പേരാണ് 'ഈശോ' എന്ന സംജ്ഞയെ സദസ്സിലും മററും വെച്ച് ഒന്നു ഉച്ചരിക്കുന്നതിനുപോലും അമാന്തം പ്രദർശിപ്പിക്കുന്നത്! ഇതു നമ്മുടെ മാതാവാകുന്ന തിരുസ്സഭയ്ക്ക് എത്രയോ കണ്ണകഠോരമായ ഒരു വാർത്തയാണ്!

'കത്തോലിക്കാ തിരുസ്സഭയിൽ ജീവിക്കുന്നതിനു വളരെ വിഷമമാണെങ്കിലും അതിൽ മരിക്കാൻ വളരെ സുഖമാണ്' എന്നു അമേരിക്കയിലെ ഏതോ ഒരു മഹാ ഭിഷഗ്വരൻ പറഞ്ഞിട്ടുള്ളത് ഇത്തരുണത്തിൽ നാം ഓർക്കേണ്ടതാണ്. പ്രിയ സഹോദരന്മാരെ, ഈ അഭിപ്രായത്തോടെ ഇപ്പോഴും നമ്മുടെ ഇടയിൽ ജീവിക്കുന്ന സകല മനുഷ്യർക്കും, നമ്മുടെ ഭാവിജീവിതമാഹാത്മ്യം കൊണ്ട്, അതെ ത്യാഗപരമായ ഒരു ജീവിതംകൊണ്ട്, കത്തോലിക്കാ തിരുസ്സഭയിൽ ജീവിക്കാനും മരിക്കാനും ഒരുപോലെ സു

ആഗസ്റ്റ് മാസത്തിലെ തിരുഹൃദയസഭക്കാരുടെ

## പൊതുനിയോഗം.

യുവാക്കന്മാരുടെ വിദ്യാഭ്യാസത്തിനായുള്ള മതസ്ഥാപനങ്ങൾ.

യുവാക്കന്മാരുടെ വിദ്യാഭ്യാസത്തിനായി ലോകത്തിന്റെ നാനാഭാഗങ്ങളിലും അനേകം വിദ്യാലയങ്ങൾ നിരവധി ധനം വ്യയംചെയ്തു കത്തോലിക്കർ നടത്തിവരുന്നുണ്ട്. ഇതിന്റെ പ്രധാന ഉദ്ദേശം വിദ്യാർത്ഥികളെ മതബോധമുള്ളവരും ഉത്തമ കത്തോലിക്കരുമാക്കിത്തീർക്കുന്നതിനാണെന്നു സംശയമില്ല. ശരിയായ മതബോധമില്ലാത്തവർ സഭയ്ക്കും സമുദായത്തിനും വരുത്തിക്കൂട്ടുന്ന നാശങ്ങൾ അവർണ്ണനീയമാണ്. തന്നിമിത്തമത്രെ മതാദ്ധ്യക്ഷന്മാർ, കത്തോലിക്കർ തങ്ങളുടെ കുട്ടികളെ കത്തോലിക്കാ വിദ്യാലയങ്ങളിൽ അയയ്ക്കണമെന്നു ഉപദേശിച്ചുകൊണ്ടിരിക്കുന്നതു്. വിദ്യാഭ്യാസാർത്ഥം മുന്നിട്ടു പ്രവർത്തിക്കുന്ന പല സന്യാസസമൂഹങ്ങളും കത്തോലിക്കാസഭയിലുണ്ട്. എങ്കിലും ഇന്നു വിദ്യാലയങ്ങൾ ആവശ്യത്തിനു മതിയാകാതെയാണിരിക്കുന്നതു്. അതുകൊണ്ടു ഏതൽപരിഹാരാർത്ഥം തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

---

ഖമാണെന്നുള്ള പരമാർത്ഥ വസ്തുതയെ മനസ്സിലാക്കണം. അതിന് 'ഈശോ'യോടു ഐക്യപ്പെട്ടുള്ള ഒരു ജീവിതം ഈ ചെറുപ്പകാലം മുതല്ക്കുതന്നെ നമുക്കത്യന്താപേക്ഷിതമാണ്.

ആയതിനാൽ നശ്വരങ്ങളായ പ്രാപഞ്ചിക വസ്തുക്കളിൽ നമ്മുടെ ഹൃദയം ലയിക്കാതെ ശ്ലീഹാ പറഞ്ഞിരിക്കുംപോലെ 'ലോകത്തിനുവേണ്ടിയല്ല, ദൈവത്തിനുവേണ്ടി'യുള്ള ഒരു ജീവിതം കഴിക്കാനും, പ്രത്യേകിച്ച് 'ഈശോ'യുടെ നേരെയുള്ള സ്നേഹത്തെപ്രതി 'ഈശോ' എന്ന തിരുനാമം ഉച്ചരിക്കുമ്പോഴും ഉച്ചരിച്ചു കേൾക്കുമ്പോഴും ശിരസ്സ് അല്പം താഴ്ത്തി ഈ തിരുനാമത്തിനാചാരം ചെയ്യുന്ന ഭക്തമുറയെ ഇന്നു മുതൽ അഭ്യസിക്കുന്നുണ്ടെന്നും നമുക്കൊരു പ്രതിജ്ഞചെയ്യാം "'ഈശോ' എന്ന നാമം അധരങ്ങൾക്കു മധുരവും, കർണ്ണങ്ങൾക്കു പിയൂഷവും ഹൃദയത്തിനാനന്ദവും" ആണെന്നു വി. ബർണ്ണാർദ പറയുന്നതു എത്ര വാസ്തവമാണ്!!

---

# വാഴയുടെ ഉപയോഗങ്ങൾ.

(Musa Paradisiaca)

വാഴകൾ പലമാതിരിയുണ്ടു്. ഇണംകൊണ്ടു് ഇവ തമ്മിൽ അല്പാല്പം വ്യത്യാസം കാണും. വാഴക്കായ് രുചിയും പോഷണശക്തിയുമുള്ള ഒരു ഭോജ്യപദാൎത്ഥമാകുന്നു. ഇതിൽ രസാംശം സി (Vitamin C. കുടുംബദീപം ൪-ാം പുസ്തകം ൨൭൮-ാം പുറം നോക്കുക) ധാരാളമായിട്ടുണ്ടു്; രസാംശം ബി. കുറച്ചുമാത്രമേയുള്ളു; രസാംശം എ. ഉണ്ടെന്നു ക്ലിപ്തമായി പരിശോധനയിൽ തെളിഞ്ഞിട്ടില്ല.

ഒരു രൂപാത്തൂക്കം വാഴപ്പഴവും (ഏത്തൻ) രണ്ടു രൂപാത്തൂക്കം നെല്ലിക്കാനീരും കുറച്ചുതേനും പഞ്ചസാരയും ചേൎത്തു ദിവസത്തിൽ രണ്ടു പ്രാവശ്യം സേവിക്കുന്നതു് പ്രമേഹത്തിനു സിദ്ധൌഷധമാകുന്നു.

വാഴയുടെ വേർ അരച്ചു പാലിൽ ചേൎത്തു കുടിച്ചാൽ തലതിരിച്ചിൽ മാറും. വാഴക്കിഴങ്ങു് പ്രമേഹത്തിനു വിശേഷമാണു്.

വാഴപ്പോളനീരും പ്രമേഹത്തിനു കൊടുത്തുവരുന്നുണ്ടു്. അതു് തലച്ചോറിനു കുളൎമ്മയെ നല്കുന്നതാണു്. വാഴപ്പോളനീർ ഉറക്കക്കുറവു്, ചിത്തഭ്രമം മുതലായവയിൽ കൊടുത്തു ഫലം കണ്ടിരിക്കുന്നു. ഇതും വാഴയിലനീരും കൂട്ടി അവീൻ മുതലായ ലഹരിസാധനങ്ങൾ കഴിച്ചു മയക്കമുണ്ടാകുമ്പോൾ കുട്ടികൾക്കു കൊടുക്കാം.

വാഴയില തണുപ്പുള്ളതാകകൊണ്ടു കണ്ണുവേദന, വ്രണം മുതലായവയ്ക്കു അതു വെച്ചുകെട്ടിവരുന്നു.

രണ്ടു തോലാത്തൂക്കം വാഴപ്പൂവു് നീരു് അല്പം തേനുംകൂട്ടി സേവിച്ചതുകൊണ്ടു പല പ്രമേഹരോഗികൾക്കും അത്ഭുതകരമായ ശമനം ലഭിച്ചിട്ടുണ്ടു്.

പിണ്ടി രക്തദോഷം, പിത്തം, അസൃഗ്ദരം, യോനിദോഷം മുതലായവയ്ക്കു നന്നു്. പിണ്ടിനീർ സൎപ്പവിഷത്തിനു വിശേഷമാണു്.

—ഐ. ജെ.

# മഹാന്മാരുടെ പ്രതിമകൾ.

ജനസമ്മതി സിദ്ധിച്ചിട്ടുള്ള മഹത്തുക്കളുടെ പ്രതിമകൾ പാൎക്കുകളിലും തെരുവീഥികളിലും സ്ഥാപിക്കുന്ന പതിവ് പണ്ടേയുള്ളതും ഇപ്പോൾ നടപ്പിലിരിക്കുന്നതുമാണല്ലോ. പ്രസിദ്ധ ഇത്താല്യൻ ചിത്രമെഴുത്തുകാരനായ റൊസ്സിനിയുടെ ഇംഗിതമനുസരിച്ചു പ്രവൎത്തിച്ചിരുന്നെങ്കിൽ ഇക്കാലത്തു അതിന് അത്ര തന്നെ പ്രചാരമുണ്ടാകുമായിരുന്നില്ല

ഒരിക്കൽ കുറെ ജനപ്രതിനിധികൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു തന്റെ ഒരു വെളുത്ത മാർബിൾ പ്രതിമ സ്വദേശത്തു സ്ഥാപിക്കുന്നതിനു അനുവാദം അപേക്ഷിച്ചു. അതിനു അദ്ദേഹം, ആ പ്രതിമ ഉണ്ടാക്കുന്നതിനു എന്തു ചെലവാകും എന്നു ചോദിച്ചു.

"പതിനായിരം ഫ്രാങ്ക് ചെലവാകും."

"കൊള്ളാം, ആ തുക ഇങ്ങോട്ടു തരിക. പ്രധാന അവസരങ്ങളിൽ ഞാൻതന്നെ അവിടെ പോയി നിന്നുകൊള്ളാം. എന്റെ പ്രതിമയ്ക്കു പകരം എന്നെത്തന്നെ അവിടെ ജനങ്ങൾക്കു കാണാമല്ലോ" എന്നു റൊസ്സിനി പറഞ്ഞു.

പ്രസിദ്ധ റോമാക്കാരുടെ പ്രതിമകളുടെ കൂട്ടത്തിൽ കേറ്റോ (Cato) യുടെ പ്രതിമ കാണാത്തതു് എന്തുകൊണ്ടാണെന്നു ചോദിച്ചതിനു അദ്ദേഹം കൊടുത്ത മറുപടി ഈ അവസരത്തിൽ സ്മൎത്തവ്യമാണു്. "എന്റെ പ്രതിമ സ്ഥാപിച്ചതു എന്തിനാണു് എന്നതിനെക്കാൾ അതു് സ്ഥാപിക്കാതിരുന്നതു എന്തുകൊണ്ടാണു് എന്നു ജനങ്ങൾ അന്വേഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു."

---

പാകതയുള്ള ശീലവും, സൗഖ്യവും, നിൎദ്ദോഷമായ വിനോദവും, ആലോചനാശക്തിയുടെ പരിപൂൎണ്ണതയിൽ നിന്നുത്ഭവിക്കുന്ന വാക്കുകളും, തജ്ജന്യമായ പ്രവൃത്തികളും, സൗഭാഗ്യത്തിന്റെ പ്രധാന രഹസ്യങ്ങളായി കരുതുകയും; ആശയത്തിൽനിന്നു വാക്കുകളും, വാക്കുകളിൽനിന്നു പ്രവൃത്തികളും, പ്രവൃത്തികളിൽനിന്നു സ്വഭാവവും, സ്വഭാവത്തിൽനിന്നു ശീലവും, ശീലത്തിൽനിന്നു സൗഭാഗ്യവും സമ്പാദിക്കുന്നതിനു ശ്രമിക്കയും ചെയ്യേണ്ടതാണു്.

---

# കുറിപ്പുകൾ.

സുപ്രസിദ്ധ ഇംഗ്ലീഷ് കർദ്ദിനാൾ ബൂൺ തിരുമനസ്സിലെ ഗുരുപ്പട്ട സ്വർണ്ണജൂബിലി അത്യാഡംബരപൂർവ്വം ഇക്കഴിഞ്ഞ ജൂൺ ൧൮-ാം തീയതി ബുധനാഴ്ച ആഘോഷിക്കപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചു വെസ്റ്റമിൻസ്റ്റർ കത്തീഡ്രലിൽ നടത്തിയ മതകർമ്മങ്ങളിൽ ഏഴു മെത്രാന്മാരും അഞ്ഞൂറിൽപരം വൈദികരും സന്നിഹിതരായിരുന്നു. അന്നത്തെ ഉദ്യാനവിരുന്നിൽ ഒരായിരത്തിൽപരം അഥിതികളാണ് ഭാഗഭാക്കുകളായതു്. എഴുപത്തിമൂന്നു വയസ്സുള്ള ജൂബിലേറിയൻ ആ അവസരത്തിൽ പതിനഞ്ചു മിനിററു നേരത്തോളം ദീർഘിക്കുന്ന ഒരു പ്രസംഗംകൊണ്ടു അതിഥികളെ ആനന്ദതുന്ദിലരാക്കിത്തീർത്തു.

സമുദ്രനിരപ്പിൽ നിന്നും ൻ൦൦൦ അടി പൊക്കമുള്ള കാസ്സേർസ്സ് എന്ന കൊടുമുടിയുടെ മുകളിൽ ൫൨ അടി ഉയരമുള്ള ക്രിസ്തുരാജൻെറ വിശേഷതരമായ ഒരു പ്രതിമ ഇക്കഴിഞ്ഞ മേയ് ൩൦-ാംനു- പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതു ജോൺ എൽ. ഡോവർ എന്ന ദമ്പതികളുടെ ദാനമാണ്. ഐക്യനാടുകളിൽ ഇതിനെക്കാൾ വലിയ പ്രതിമ ഇല്ലതന്നെ.

സെർവ്വൻറു സഭക്കാരുടെ ൭-ാം ശതാബ്ദപൂർത്തി പ്രമാണിച്ചു ആഗസ്റ്റ് ൧൮, ൧൯, ൨൦, ൨൧ എന്നീ തീയതികളിൽ പോർട്ടലണ്ടിലെ വ്യാകുലമാതാവിൻെറ ദേവാലയപരിസരങ്ങളിൽവെച്ചു ഒരു മരിയ മഹാജനസഭ നടത്തുന്നതിനു സെർവ്വൻറു ഫാദേഴ്സ് നിശ്ചയിച്ചിരിക്കുന്നു. ഐക്യനാടുകളിൽ ഇങ്ങിനെ ഒരു ആഘോഷം ഇദംപ്രഥമമായിട്ടാണ്. കനഡ, മെക്സിക്കൊ മുതലായ രാജ്യങ്ങളിൽനിന്നും അനവധി ജനങ്ങൾ ഇതിൽ സംബന്ധിക്കുന്നതായിരിക്കും.

സോവയററു റഷ്യായിലെ ഒരു പട്ടണമായ സ്വിയച്ചി (Swiatch) ൽ യൂദാസ്കറിയോത്തായുടെ ഒരു സ്മാരകം സ്ഥാപിച്ചിരിക്കുന്നു. യൂദാസ്കറിയോത്താ, കായേൻ, ലൂസിഫേർ എന്നിവരിൽ ആൎക്കാണ് അതു് പ്രതിഷ്ഠിക്കേണ്ടതെന്നു അധികാരികളുടെയിടയിൽ ആദ്യം വാദപ്രതിവാദമുണ്ടായി. യാതൊരു സാ

രൂപ്യവുമില്ലാത്ത ഈ പ്രതിമ ആകാശത്തിലേക്ക മുഷ്ടി ഉയൎത്തിമല്ലിടുന്ന ഭാവത്തിലാണ് നിൎമ്മിക്കപ്പെട്ടിരിക്കുന്നതു്. ഇതും സോവയററുകാരുടെ ദൈവദൂഷണപ്രസ്ഥാനങ്ങളിൽ ഒന്നാണ്.

കത്തോലിക്ക ലോകത്തെപ്പററി പല പുതിയ വിവരങ്ങളും ക്രോഡീകരിച്ചുള്ള ഒരു റിപ്പോർട്ട് റോമിലുള്ള വിശുദ്ധ വത്സാക്കമ്മററി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ റിപ്പോർട്ടിൻപ്രകാരം യൂറോപ്പിൽ201,855,000-ം, വടക്കേ അമേരിക്കയിൽ 52513320-ം, തെക്കെ അമേരിക്കായിൽ 730505850-ം, ആഫ്റിക്കായിൽ 5387678-ം, ഏഷ്യയിൽ 17038874-ം കത്തോലിക്കർ ഉണ്ട്. ചുരുക്കത്തിൽ ആകെയുള്ള ജനസംഖ്യയിൽ അഞ്ചിലൊരുഭാഗം കത്തോലിക്കരാണെന്നു തെളിയുന്നു.

പള്ളുരുത്തി സൽഗ്രന്ഥപാരായണസംഘം സിക്രട്ടറി മി. കെ. സി. വക്കച്ചൻ അഭിപ്രായത്തിന്നായി ഇവിടെ അയച്ചുതന്ന "ക്രിസ്തീയ ലഘുഗീതങ്ങൾ" ഒന്നാം ഭാഗം നന്ദിപൂൎവ്വം കൈപ്പററിയിരിക്കുന്നു. ഇതിൽ നവീനരീതിയിലുള്ള എട്ടു ഗാനങ്ങളാണ് അടങ്ങിയിരിക്കുന്നതു്. ഈശ്വരമഹത്വത്തിനും ബാലികാബാലന്മാരുടെ ആഹ്ളാദത്തിനും ഉപകരിക്കുന്ന ഈ പുസ്തകത്തിനു ക്രിസ്തീയ കുടുംബങ്ങളിൽ ധാരാളം പ്രചാരമുണ്ടായി കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കുത്യതോടു പടിഞ്ഞാറെപ്പള്ളി ഇടവക തറയിൽ ബ. വക്കിയച്ചൻ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു ഇക്കഴിഞ്ഞ ജൂലായി ൧൧-ാംതീയതി ബുധനാഴ്ച തൻെറ ൭൭-ാമത്തെ വയസ്സിലും, ക്. നി. മൂ. സ. ദെഫ്നിത്തോർ ജനറാൾ പെ. ബ. യോഹന്നാൻ ബക്ക്മാൻസച്ചൻ അവർകളുടെ സഹോദരിപുത്രൻ തങ്കിപ്പള്ളി ഇടവക അരങ്ങുംപറമ്പിൽ എ. ചാണ്ടി അവർകൾ വിഷമജ്വരത്താൽ തൻെറ ൩൩-ാമത്തെ വയസ്സിലും നിൎയ്യാതരായിരിക്കുന്നു. പരേതരുടെ ആത്മാനുഗ്രഹാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം. **R. I. P.**

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്ര ഗോസ്സ്, എം. എ., എഫ്. സി. എസ്സ്.**

ആയുൎവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്.. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരദ്ധ്വജ** (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിന്നും മനസ്സിന്നും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ച് ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ദ്രുപാത്രക്കത്തിന് ക. ൪.

**ശാരിബാദിസരസം.** ഇതു് ഉഷ്ണപ്പുണ്ണിന്ന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരുസേറിന്ന് ക. ൩

**സുഖരസഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിന്ന ക. ൧൩.

**അബലബാന്ധവയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൩ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്ക വില ക. ൨. അമ്പതിന്ന ക ൰.

കൂടുതൽ വിവരത്തിന്ന മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം ഇടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിവൃത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പൎശംകൂടാതെ പറയാം.

ഒരു കുപ്പിക്ക വില ക. ൨-൧൨-൦.

## കാസശ്വാസനിവാരണി.

നിങ്ങൾ പലെ ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിന്നു ക. ൪-൮-൦.

## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.

ഒരു കുപ്പിക്ക വില ക. ൪-൧൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിന്നും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്തോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്ക പ്രസിദ്ധിപ്പെട്ടതു്. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിന്നും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേററുകൾ കിട്ടീട്ടുണ്ടു്.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,

നമ്പ്ര് ൧൧, കോഴിക്കോട്ട്, മലബാർ.




# പ്രസിദ്ധ ഔഷധങ്ങൾ.

## Malariana മലേറിയാനാ.

ഈ കീൎത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻപനി, മുറപ്പനി മുതലായ എല്ലാവിധ പനികളെ മാററുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്നു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്നു 1 ക. 8 ണ; 1 ഡജന്നു 16 ക. 8 ണ; 4 ഔൺസിന്നു 14 ണ; 1 ഡജന്നു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ശമനപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ്പ് സൎസ്സ അമോഗ. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺഎന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്നു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന്നു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഅയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്നു 8 ണ; 1 ഔൺസിന്നു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹസ്ഥഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ്പ് കരള് ഗുന്മൻ എന്നവയുടെ എല്ലാം കേടുകളെയും നിരാകരിച്ചു ശരീരത്തിന്നു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്നു സംശയമില്ല. വില 8 ഔൺസിന്നു 3ക. 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്ക്രോഗത്തിന്നു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്നു 5 ണ; 1 ഡജന്നു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിന്നുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൦൯ കക്കിടകം. - ൧൧൧൦ ചിങ്ങം. ആഗസ്റ്റ് ൧൯൩൪. | | | | |
|---|---|---|---|---|
| ൧൭ | 1 | ബു. | വി. | മക്കബായക്കാർ. |
| ൧൮ | 2 | വ്യാ. | വി. | അല്ഫോൻ ലിഗോരി |
| ൧൯ | 3 | വെ. | വി. | ഗമലിയേൽ. |
| ൨൦ | 4 | ശ. | വി. | ദൊമ്മനിക്കോസ്. |
| ൨൧ | 5 | ഞാ. | ✠ | ഒസ്വാൾഡ്. |
| ൨൨ | 6 | തി. | ന. ക. | മറുരൂപം. |
| ൨൩ | 7 | ചൊ. | വി. | അൽബെർത്തോസ്. |
| ൨൪ | 8 | ബു. | വി. | കുറിയാക്കോസ്. |
| ൨൫ | 9 | വ്യാ. | വി. | റൊമാനൂസ്. |
| ൨൬ | 10 | വെ. | വി. | ലൌറന്തിയോസ്. |
| ൨൭ | 11 | ശ. | വി. | തിബുർസിയൂസ്. |
| ൨൮ | 12 | ഞാ. | ✠ | വി. ക്ലാര. |
| ൨൯ | 13 | തി. | വി. | യോഹ. ബെക്ക്മാ. |
| ൩൦ | 14 | ചൊ. | വി. | എവുസേബിയൂസ് (ഇ. വി) |
| ൩൧ | 15 | ബു. | ✠ | ഭാ. ക. മ. സ്വർഗ്ഗപ്രാ. |
| ൩൨ | 16 | വ്യാ. | വി. | യോവാക്കിം. |
| ൧ | 17 | വെ. | വി. | യസ്സീന്തു. |
| ൨ | 18 | ശ. | വി. | അഗാപ്പിറെസ് |
| ൩ | 19 | ഞാ. | ✠ | വി. ഉർബ്ബാൻ. |
| ൪ | 20 | തി. | വി. | ബെർണ്ണാർദ്. |
| ൫ | 21 | ചൊ. | വി | യോഹ. ഫ്രൻസീ. |
| ൬ | 22 | ബു. | വി. | തിമോത്തി. |
| ൭ | 23 | വ്യാ. | വി. | ഫിലിപ്പു ബനീസി. (ഇ വി) |
| ൮ | 24 | വെ. | വി. | ബർത്തുൽമൈശ്ശി. |
| ൯ | 25 | ശ. | വി. | ലൂയിസ് രാ. |
| ൧൦ | 26 | ഞാ. | ✠ | വി. സെഫരീ. പാ. |
| ൧൧ | 27 | തി. | വി. | പേമോൻ. |
| ൧൨ | 28 | ചൊ. | വി. | ആഗുസ്തീനോസ്. |
| ൧൩ | 29 | ബു. | വി. | യോഹ. ശിരഛേ. |
| ൧൪ | 30 | വ്യാ. | വി. | റോസദ്‌ലിമാ. |
| ൧൫ | 31 | വെ. | വി | റൈമുന്തോസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.